# ക്രിസ്ത്യൻ വേൾഡ്

Christian World

ക്രൈസ്തവ മാധ്യമം

2018 ഫെബ്രുവരി 1 | വാല്യം 13 | ലക്കം 2 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8




കുമ്പനാട് കൺവൻഷനിൽ പാസ്റ്റർ ജേക്കബ് ജോൺ പ്രസംഗിക്കുന്നു.

# കുമ്പനാട് കൺവൻഷനു സമാപനം

**കുമ്പനാട്:** ഒരാഴ്ച നീണ്ടുനിന്ന ആത്മീയയോഗങ്ങൾക്കു ജനുവരി 21 ഞായറാഴ്ച ഉച്ചയോടെ കുമ്പനാട്ട് സമാപനം കുറിച്ചു. സമാപനയോഗത്തിൽ ഐപിസി മുൻ ആക്ടിങ് സെക്രട്ടറി പാസ്റ്റർ സാം ജോർജ് പ്രസംഗിച്ചു. അസാധ്യങ്ങളെ സാധ്യമാക്കുന്നതാണ് ഉയരത്തിൽ നിന്നു ലഭിക്കുന്ന ശക്തിയെന്ന് അദ്ദേഹം പ്രസ്താവിച്ചു. പരിശുദ്ധാത്മശക്തി ഉയരത്തിൽ നിന്നു ലഭിക്കുന്നതാണ്. യേശുക്രിസ്തുവിനെ ഉയിർപ്പിച്ച ആത്മാവ് ഉയരത്തിൽനിന്നുള്ളതാണ്. അതു പ്രാപിക്കാൻ വാഞ്ഛയോടെ കാത്തിരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ഐപിസി നോർത്തമേരിക്കൻ സെൻട്രൽ റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് കോശി അധ്യക്ഷതവഹിച്ചു. ജനറൽ പ്രസിഡന്റ് പാൺസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റമാരായ ബേബി വർഗീസ്, തോമസ് ഫിൺലിൺപ്പ്, വിൽസൻ ജോസൺഫ്, ട്രഷറർ സജി പോൾ എന്നിവർ പ്രസംഗിച്ചു. സഭാജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ സമാപനസ

(ശേഷം പേജ് 5)



ദൈവസഭാകൺവൻഷനിലെ ആരാധനായോഗത്തിൽ പാസ്റ്റർ സി.സി. തോമസ് കർത്തൃമേശയ്ക്കു നേതൃത്വം നൽകുന്നു.

# ശുശ്രൂഷയേക്കാൾ ദൈവവുമായുള്ള ബന്ധം വലിയത്: റവ. സി.സി. തോമസ്

**ഷൈജു തോമസ് ഞാറയ്ക്കൽ**
**സ്റ്റേറ്റ് മീഡിയാ സെക്രട്ടറി**

**തിരുവല്ല:** ദൈവവുമായിട്ടുള്ള ബന്ധത്തെക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നും ഈ ലോകത്തിൽ ഇല്ല. ശുശ്രൂഷയ്ക്കായി നാം ഓടി നടന്ന് അത് നിർവ്വഹിക്കുമ്പോൾ ദൈവവുമായിട്ടുള്ള ബന്ധം നഷ്ടപ്പെട്ടു പോയാൽ നമ്മുടെ നിത്യത നഷ്ടപ്പെടും. ലോകത്തിൽ എല്ലാറ്റിനേക്കാളും വലുത് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യതയാണ്. ദൈവം ഒരുക്കുന്ന നിത്യരാജ്യത്തെക്കുറിച്ചുള്ള ദർശനം ഉള്ളിൽ തിളയ്ക്കുമ്പോൾ അത് പ്രാപിക്കേണ്ടതിന് പ്രതികൂല സാഹചര്യങ്ങൾ വന്നാലും നാം ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കണം എന്ന് പാസ്റ്റർ സി.സി. തോമസ് പറഞ്ഞു.

തിരുവല്ലയിലെ ചർച്ച് ഓഫ് ഗോഡ് സഭാ സ്റ്റേഡിയത്തിൽ നടന്ന 95-ാമത് ജനറൽ കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നല്കുക ആയിരുന്നു അദ്ദേഹം. കഷ്ടതയുടെയും പ്രതികൂലങ്ങളു

(ശേഷം പേജ് 5)



കൺവൻഷൻ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉത്ഘാടനം ചെയ്യുന്നു.

# അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ സമാപിച്ചു

**പുനലൂർ:** അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ഇന്ന് സംയുക്ത സഭായോഗത്തോടെ സമാപിച്ചു. പുനലൂർ എ.ജി. കൺവൻഷൻ ഗ്രൗണ്ടിൽ ആണ് കൺവൻഷൻ നടന്നത്. ചൊവ്വാഴ്ച ആരംഭിച്ച കൺവൻഷൻ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉത്ഘാടനം ചെയ്തു. പൊതുയോഗങ്ങളിൽ സിസ്റ്റർ സാറാ കോവൂർ, ഡോ. പി.എസ്. ഫിലിപ്പ്, ഡോ. ഐസക് ചെറിയാൻ, പാസ്റ്റർമാരായ കെ.ജെ. മാത്യു, രവി മണി, ജേക്കബ് പി. വർഗീസ് എന്നിവർ പ്രസംഗിച്ചു. സുവിശേഷക സമ്മേളനത്തിൽ പാസ്റ്റർമാരായ എം.എ. ഫിലിപ്പ്, എ. രാജൻ, ഡോ. ഐസക് വി മാത്യു, ഡോ. ടി.പി. വർഗീസ് എന്നിവർ ക്ലാസെടുത്തു. വെള്ളി രാവിലെ 9നു മിഷൻ സമ്മേളനവും ഉച്ചക്ക് 2നു ഓർഡിനേഷൻ ശുശ്രുഷയും നടന്നു. ശനി രാവിലെ നടന്ന സൺഡേസ്കൂൾ സമ്മേളനത്തിൽ ഡയറക്ടർ സുനിൽ പി. വർഗീസ് നേതൃത്വം നൽകി. പാസ്റ്റർ പ്രഭ ടി. തങ്കച്ചൻ മുഖ്യസന്ദേശം നൽകി. ഉച്ചക്ക് രണ്ടിനു യുവജനസമ്മേളനം നടന്നു. പാസ്റ്റർ ഷിജു വർഗീസ് അധ്യക്ഷതവഹിച്ചു. സഭാസൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉത്ഘാടനം ചെയ്തു. പാസ്റ്റർ ജോൺസൻ ജി. സാമുവൽ മുഖ്യ സന്ദേശം നൽകി. ഞായർ രാവിലെ നടന്ന സംയുക്ത സഭായോഗത്തിനു പാസ്റ്റർ ടി.ജെ. സാമുവൽ നേതൃത്വം നൽകി. പാസ്റ്റർ തോമസ് ഫിലിപ്പ് സങ്കീർത്തന സന്ദേശം നൽകി. ഡോ. പി.എസ്. ഫിലിപ്പ് സന്ദേശം നൽകി. കർത്തൃമേശയോടെ സമ്മേളനം സമാപിച്ചു.

# ഭാരതപ്പുഴ കൺവൻഷൻ ഫെബ്രുവരി 15 മുതൽ

**ഒറ്റപ്പാലം:** പ്രസിദ്ധമായ ഭാരതപ്പുഴ കൺവൻഷൻ ഫെബ്രുവരി 15 – 18 വരെ ഭാരതപ്പുഴയിൽ നടക്കും. പാസ്റ്റർമാരായ പ്രിൻസ് തോമസ്, തോമസ് മാമ്മൻ, ടിനു ജോർജ്, അനീഷ് തോമസ് റാന്നി എന്നിവർ പ്രസംഗിക്കും. സ്റ്റീഫൻ ദേവസി, പീറ്റർ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടക്കും. ബൈബിൾ ക്ലാസ്, ഉപവാസ പ്രാർത്ഥന യുവജനസമ്മേളനം എന്നിവ നടക്കും.

# പെന്തെക്കോസ്ത് മിഷൻ കൊട്ടാരക്കര സാർവ്വദേശീയ കൺവൻഷൻ ഫെബ്രുവരി 7 മുതൽ

**ചാക്കോ കെ. തോമസ്**

**കൊട്ടാരക്കര:** ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ കേരളത്തിലെ ഏറ്റവും വലിയ കൺവൻഷനായ കൊട്ടാരക്കര സാർവ്വദേശീയ കൺവൻഷൻ ഫെബ്രുവരി 7 മുതൽ 11 വരെ പുലമൺ 'ഫെയ്ത്ത് ഹോം' ജംങ്ഷൻ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. കൺവൻഷനു മുന്നോടിയായി 7 ന് വൈകിട്ട് മൂന്ന് മണിക്ക് ശുഭ്രവസ്തധാരികളായ ആയിരക്കണക്കിന് ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സുവിശേഷ വിളംബര ജാഥ കൊട്ടാരക്കര ടൗൺ വഴി കൺവൻഷൻ ഗ്രൗണ്ടിൽ സമാപിക്കുന്നതോടെ കൺവൻഷന് തുടക്കമാകും.

ദിവസവും രാവിലെ ഏഴിന് ബൈബിൾ ക്ലാസ്, 9.30 ന് പൊതുയോഗം, മൂന്നിനും രാത്രി പത്തിനും കാത്തിരിപ്പ് യോഗം, വൈകിട്ട് 5.45ന് സംഗീത ശുശ്രൂഷ, സുവിശേഷ പ്രസംഗം, രോഗശാന്തി ശുശ്രൂഷ എന്നിവയും ശനിയാഴ്ച മൂന്നിന് യുവജന സമ്മേളനവും സമാപന ദിവസമായ ഞായറാഴ്ച രാവിലെ 9 ന് കൊട്ടാരക്കര സെന്റർ സഭയുടെ കീഴിലുള്ള 39 പ്രാദേശിക സഭകളിലെ ശുശ്രൂഷക

(ശേഷം പേജ് 5)

ക്രിസ്ത്യൻ വേൾഡ്
1193 മകരം - കുംഭം



## ജഡികരെക്കൊണ്ടു നിറഞ്ഞ സഭ

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ മാറ്റംവരാത്തതായി ഒന്നുമില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. കാലത്തിനനുസരിച്ചുള്ള മാറ്റം ആവശ്യമാണ്. എങ്കിലും മാറ്റത്തിനു വേണ്ടി പരിഷ്കാരങ്ങൾ ഏർപ്പെടുത്തി പൊല്ലാപ്പിലാകുന്നവരുണ്ട്. അതു പലപ്പോഴും മറ്റുള്ളവരെ അനുകരിക്കുന്നതിൽ നിന്നും ഉണ്ടാകുന്നതാണ്. അതെല്ലാം വിജയിക്കണമെന്നില്ല. ഇന്ന് എവിടെയും അനുകരണങ്ങൾ കാണാം. നല്ലതിനെക്കാൾ ഏറെ അവ ദോഷം ചെയ്യുന്നുണ്ട്. തെറ്റായ അനുകരണം അപകടകരമാംവിധം വർധിച്ചുവരുന്നു. പലരെയും അന്ധമായി അനുകരിച്ച് കൈയടിവാങ്ങി വേദികളിൽ നിറഞ്ഞാടുന്നവരെ നാം പലയിടത്തും കാണാറുണ്ട്. എന്നാൽ, ക്രിസ്തുവിനെ അനുകരിക്കാൻ തയ്യാറുള്ളവർ വളരെ ചുരുക്കമായി മാറിക്കഴിഞ്ഞിരിക്കുന്നു.

പ്രസംഗമോഷണവും എഴുത്തുമോഷണവും പാട്ടുമോഷണവും എല്ലാം സർവസാധാരണമായിക്കഴിഞ്ഞു. കൺവൻഷൻ സീസണിൽ ഇത്തരം തട്ടിക്കൂട്ടുകൾ ധാരാളം കാണാം. ദൈവത്തിന്റേപേരിൽ പണമുണ്ടാക്കാൻ ഇതിൽപരം ബിസിനസ് വേറെ ഏതാണുവേണ്ടത്? കർത്താവ് ഏല്പിച്ച ശുശ്രൂഷ ചെയ്യാതെ 'സൈഡ് ബിസിനസി'ലൂടെ സമ്പന്നരാകുന്നവർ വർധിച്ചുവരികയാണ്. അവർക്കു ലോകസുഖം മതി. സ്വർഗത്തിൽ പോയില്ലെങ്കിലും എല്ലാമായി എന്ന് ഇവർ ചിന്തിക്കുന്നു. അനേകരും തങ്ങളുടെ സാക്ഷ്യം നഷ്ടപ്പെടുത്തി ക്രിസ്തീയമാർഗത്തെ ദുഷിക്കുന്നു. സമൂഹത്തിനു മാതൃകയാകേണ്ടവർ ലോകരെക്കാൾ തരംതാണ നിലയിലാകുന്നു. ധാർമികജീവിതം കാറ്റിൽപറത്തി ഉപദേശത്തെ പിന്നാമ്പുറത്ത് എറിഞ്ഞുകളഞ്ഞിരിക്കുന്നു. ഇവരെ 'തളയ്ക്കാൻ' കഴിയാതെ നേതാക്കന്മാർ നിഷ്ക്രിയരായിരിക്കുന്നു. ധാർമികതയോ ആത്മികതയോ ഒന്നും ഇന്നു പലർക്കും വിഷയമേയല്ല. എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല എന്നിവർ ചിന്തിക്കുന്നു. ക്രിസ്തുമാർഗത്തെ നിന്ദിക്കുന്ന ഇത്തരക്കാരെക്കൊണ്ട് ദൈവസഭ നിറഞ്ഞിരിക്കുന്നു. ദൈവത്തെ ഭയമോ മനുഷ്യനെ ശങ്കയോ ഇല്ലാത്തവരായി നിപതിച്ചിരിക്കുന്നു.

യേശു തിരുവായ്മൊഴിഞ്ഞ് അരുളിച്ചെയ്ത വചനം പാലിക്കാനായി വിളിക്കപ്പെട്ടവർ അതു ചെയ്യാതെ ലോകത്തോട് അനുരഞ്ജനം ചെയ്തു ജീവിക്കുകയാണ് 'പാപം' ഇന്ന് വിശുദ്ധിയുടെ പട്ടികയിലേക്കു മാറ്റിയവരുമുണ്ട് എന്നു കേട്ടാൽ അത്ഭുതപ്പെടേണ്ട. ദ്രവ്യാഗ്രഹികളും വ്യഭിചാരികളും ദൂഷകരും ഇങ്ങനെ തുടങ്ങി ദൈവഭയമില്ലാത്തവർ വരെയാണ് ഇന്നു സഭയ്ക്കുള്ളിൽ ഉള്ളത്. ഇവരാണ് സഭയെ നിയന്ത്രിക്കുന്നത് എന്നു കൂടി കേട്ടാൽ ദുഃഖിക്കണം. പല സഭകളിലും പാസ്റ്റർമാർ 'റബർ സ്റ്റാംപ്' മാത്രമാണ്. അവർക്കു കാര്യമായ റോളില്ല. സഭാകമ്മറ്റികൾ പറയുന്നതിനു അപ്പുറത്തു ഒരു അഭിപ്രായംപോലും പറയാൻ ഇവർക്കാകില്ല. ജഡികന്മാരെക്കൊണ്ട് നിറഞ്ഞ സഭകളിൽ ആത്മികശുശ്രൂഷ ചെയ്യുന്നവർക്ക് ശോഭിക്കാനാവില്ല. അവരെന്നും ജഡികന്മാരുടെ കണ്ണിലെ കരടായിരിക്കും. നേതാക്കന്മാരെ മണിയടിച്ച് കാര്യം സാധിക്കുന്നവർക്ക് സഭാശുശ്രൂഷകന്മാരെ വകവയ്ക്കേണ്ട കാര്യമില്ല. അഭിപ്രായവ്യത്യാസങ്ങളിൽ തുടങ്ങി കയ്യാങ്കളിയിൽ വരെ അവസാനിക്കുന്ന സഭകൾ ഇന്നിന്റെ ശാപമായി മാറിക്കഴിഞ്ഞു. ക്രിസ്തു വിഭാവനം ചെയ്ത സഭ ഇതല്ലായിരുന്നു. പാതാളഗോപുരങ്ങൾ ജയിക്കാത്ത 'കള്ളന്മാരുടെ ഗുഹ' അല്ലാത്ത അവസ്ഥയിലേക്കു വരണം. ക്രിസ്തുഭക്തർ ലോകത്തിനു മാതൃകയുള്ളവരായി മാറണം. ക്രിസ്തുവിന്റെ പത്രങ്ങളായി ശോഭിക്കണം.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം
എഴുത്തുകാർക്കു മാത്രമാണ്.

# യെഹോയാക്കിം

## ഒരു ദുഷ്ടനായ രാജാവ്

*യെഹോയാക്കിം വാഴ്ച തുടങ്ങിയപ്പോൾ അവന് ഇരുപത്തിയഞ്ച് വയസ്സായിരുന്നു; അവൻ ഏഴു സംവത്സരം യെരുശലേമിൽ വാണു; അവൻ തന്റെ ദൈവമായ യഹോവയ്ക്ക് അനിഷ്ടമായുള്ളതു ചെയ്തു. (2 ദിനവൃത്ത 36:5).*

യെഹോയാക്കിം യഹൂദയിലെ രാജാവായിരിക്കുമ്പോൾ നെബൂഖദ്നേസർ യെരുശലേം നഗരം പിടിച്ചടക്കി. ദൈവം യഹൂദരാജ്യത്തെ നെബൂഖദ്നോസറിന്റെ കയ്യിൽ ഏൽപ്പിച്ചു. ബാബേലിന്റെ ആക്രമണത്തിനു ശേഷം യെഹോയാക്കിമിനെ രാജ്യത്തിന്റെ ചുമതലയേൽപ്പിച്ചു. നെബൂഖദ് നേസർ യെരുശലേമിലായിരിക്കുമ്പോൾ അവന്റെ പിതാവ് രോഗിയാണെന്നുള്ള ഒരു കത്ത് ലഭിച്ചു. അതുകൊണ്ട് യെഹോയാക്കിമിനെ അവൻ വിട്ടിട്ട് മടങ്ങി.

യോശിയാവിന്റെ കാലത്ത് യഹൂദയിൽ വലിയ ഉണർവുണ്ടായി. യഹൂദയുടെ തെക്കൻ ഭാഗത്തുണ്ടായ ചരിത്ര പ്രസിദ്ധ ഉണർവ്വിന്റെ കാലത്തായിരുന്നു ദാനിയേൽ വളർന്നത്. അമ്പത്തിയേഴ് വർഷത്തോളം സിംഹാസനത്തിലിരുന്ന ആദ്യത്തേതും നല്ലവനുമായ രാജാവുമായിരുന്നു യോശിയാവ്. വെറും എട്ട് വയസ്സ് മാത്രം പ്രായമുള്ളപ്പോഴായിരുന്നു യോശിയാവ് ഭരണമേറ്റത്. അവന്റെ കൗമാരകാലത്ത് അവൻ യഹോവായെ അന്വേഷിച്ചു. ഭരണത്തിന്റെ പന്ത്രണ്ടാം വർഷത്തിൽ ചില സമൂല മാറ്റങ്ങൾ നടത്തി. യഹൂദ വ്യാജദൈവങ്ങളുടെ ദേശമായി അധഃപതിച്ച കാലമായിരുന്നു അത്. അവർ അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ യഹോവയെ ഉപേക്ഷിച്ചിരുന്നു. ശലോമോന്റെ ദേവാലയത്തിന്റെ അധഃപതനത്തെക്കുറിച്ച് യോശിയാവ് വളരെ വ്യാകുലനായിരുന്നു. എന്നാൽ ദൈവാലയത്തിന്റെ ശുദ്ധീകരണപ്പണികൾ നടത്തുമ്പോൾ പണിക്കാർക്ക് ന്യായപ്രമാണത്തിന്റെ വളരെ വിലപ്പെട്ട ചില ചുരുളുകൾ ലഭിച്ചു. ആ ചുരുളുകൾ അവർക്ക് ലഭിച്ചപ്പോഴുള്ള ആശ്ചര്യം വർണ്ണനാതീതമാണ്. ഈ ചുരുളുകൾ യഹോവ മോശയ്ക്കു നൽകിയ കല്പനകളും ഉടമ്പടികളുമായിരുന്നു. മോശ അതു വായിച്ചപ്പോൾ ജനം വളരെ ഭക്തിയോടെ പറഞ്ഞു: "യഹോവ അരുൾ ചെയ്തപോലെ ഒക്കെയും ഞങ്ങൾ ചെയ്യും; ഞങ്ങൾ അനുസരിക്കും."(പുറപ്പാട് 24:7).



റവ. ഡോ. ഇട്ടി ഏബ്രഹാം

**ഇന്നിപ്പോൾ സ്ത്രീ പുരുഷന്മാർ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുമെങ്കിലും അവരാരും തന്നെ വേദപുസ്തകം തുറന്നു നോക്കാറില്ല. വേദപുസ്തക വായനയില്ലാതെ ഈ തലമുറ തിരുവചനത്തെ അവമതിക്കുന്ന സംഭവങ്ങൾ വളരെയാണ്.**

ചുരുളുകൾ കണ്ടെടുത്തത് അറിയുകയും കാണുകയും ചെയ്തപ്പോൾ യോശിയാവ് തന്റെ അങ്കി കീറി.

ഇന്നിപ്പോൾ സ്ത്രീ പുരുഷന്മാർ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുമെങ്കിലും അവരാരും തന്നെ വേദപുസ്തകം തുറന്നു നോക്കാറില്ല. വേദപുസ്തക വായനയില്ലാതെ ഈ തലമുറ തിരുവചനത്തെ അവമതിക്കുന്ന സംഭവങ്ങൾ വളരെയാണ്. ഈ തലമുറ വേദപുസ്തക നിരക്ഷരതയുള്ളവരായി മാറിയിരിക്കുന്നു. പലരും സുവിശേഷ പുസ്തകങ്ങൾ ഏതെന്നു പോലും അറിയാത്തവരാണ്. യേശു കർത്താവിന്റെ ശിഷ്യന്മാരുടെ രണ്ടോ മൂന്നോ പേരുകൾ മാത്രമേ പലർക്കുമറിയാവൂ. അമേരിക്കൻ ക്രിസ്ത്യാനികളിൽ അറുപതു ശതമാനത്തിൽ അഞ്ചു പേർക്കേ പത്തു കല്പനകൾ അറിയാവൂ. ജോവാൻ ഓഫ് ആർക്ക് നോഹയുടെ ഭാര്യയെന്ന് ചിന്തിക്കുന്നവരുണ്ട് അമേരിക്കയിൽ. മാത്രമല്ല സോദോമും ഗോമോറയും ഭാര്യാഭർത്താക്കന്മാരാണെന്ന് ചിന്തിക്കുന്നവരുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഗിരിപ്രഭാഷണം ബില്ലിഗ്രഹാമിന്റെ സ്വന്തം പ്രസംഗമെന്നു കരുതുന്നവരും ഉണ്ട്.

യോശിയാവിന്റെ കാലത്തുണ്ടായ ഉണർവ്വുകളെ തള്ളിക്കളഞ്ഞ് യഹോവയ്ക്ക് അനിഷ്ടമായതുചെയ്ത യെഹോയാക്കിമിന് തക്ക ശിക്ഷ ലഭിച്ചു. നെബൂഖദ്നേസർ അവനെ ചങ്ങലയിട്ട് ബാബേലിലേക്കു കൊണ്ടുപോകുന്ന ദുരന്ത ചിത്രമാണ് ചരിത്രത്തിൽ കാണുന്നത്.

# മുന്നേറ്റക്കാരും പിൻമാറ്റക്കാരും

പാസ്റ്റർ ജോൺ ബി.വി.

**ആദിമ ഭക്തർവളരെ ആദരവോടെ സ്വീകരിച്ചിരുന്ന തിരുവത്താഴശുശ്രൂഷയിൽ പങ്കെടുക്കാൻ ഇന്നത്തെ തലമുറയിൽ പലർക്കും പ്രാഗല്ഭ്യമില്ലാതെ അകന്നു പോകുന്നു. ഇവിടെയാണ് വേർപെട്ട് ആരാധിക്കുന്നവരുടെ മൂല്യം നഷ്ടമാകുന്നത്.**

ജീവിതത്തിൽ പ്രതിസന്ധികളിൽ അല്ലെങ്കിൽ പരീക്ഷകളിൽ വിജയത്തിന്റെ പടവുകൾ ചവിട്ടികയറുന്നവരെ മുന്നേറ്റക്കാർ എന്നും പരാജയങ്ങൾ നേരിടുമ്പോൾ കാലിടറി പിന്നോക്കത്തിലേക്ക് പോകുന്നവരെ പിൻമാറ്റക്കാർ എന്നും പറയുന്നു. ഒരുവൻ മുന്നേറ്റക്കാരൻ ആകുമ്പോൾ കൃത്യനിഷ്ഠ, ശുചിത്വം, ലക്ഷ്യബോധം, ആഗ്രഹം, നിശ്ചയം, വിശ്വസ്തത, വിശ്വാസം, തുടങ്ങിയ സത്കർമ്മങ്ങൾ തന്റെജീവിതത്തിൽഉണ്ടായിരിക്കും. അലസരും മടിയരും ലക്ഷ്യബോധമില്ലാത്തവരായിരിക്കും പിൻമാറ്റക്കാർ.

ഇന്ന് ക്രൈസ്തവലോകത്തിൽ അതായത് വേർപെട്ട് ആരാധിക്കുന്ന സമൂഹത്തിൽ പിൻമാറ്റക്കാർ പെരുകുന്നു. രക്ഷ, സ്നാനം, അഭിഷേകം, ഉപദേശം, അപ്പംനുറുക്ക്, കൂട്ടായ്മ, പ്രാർത്ഥന എന്നിവ കൈമുതലാക്കിയവർ, ചില തലമുറ കഴിയുമ്പോൾ ഇവയിൽ നിന്ന് പിൻമാറി ദൈവനിക്ഷേധികളായി നിലകൊള്ളുമ്പോൾ ക്രൈസ്തവലോകം പിൻമാറ്റക്കാരെകൊണ്ട് പെരുകുന്നു.

ആദിമ ഭക്തർവളരെ ആദരവോടെ സ്വീകരിച്ചിരുന്ന തിരുവത്താഴശുശ്രൂഷയിൽ പങ്കെടുക്കാൻ ഇന്നത്തെ തലമുറയിൽ പലർക്കും പ്രാഗല്ഭ്യമില്ലാതെ അകന്നു പോകുന്നു. ഇവിടെയാണ് വേർപെട്ട് ആരാധിക്കുന്നവരുടെ മൂല്യം നഷ്ടമാകുന്നത്. ആത്മീയ പിൻമാറ്റത്തിലേക്ക് വഴുതിവീഴുന്ന ഇവർ ദൈവത്തോടുള്ള വിശ്വാസം നഷ്ടപ്പെട്ട് ലോകഇമ്പങ്ങൾക്ക് അടിമകളായിതീരുന്നു. ആരാധനയിൽ താമസിച്ച് വരിക, ബൈബിൾ കൊണ്ടുവരാതിരിക്കുക, വചനം വായിക്കാൻ താല്പര്യം ഇല്ലാതിരിക്കുക, വചന ശുശ്രൂഷയോട് വിയോജിപ്പ് പ്രകടമാക്കൽ, ആരാധനാ സമയം കൂടിയാൽ പരിഭവം, പ്രാർത്ഥനയിൽ പിന്നോക്കം പോകൽ തുടങ്ങിയ ലക്ഷണങ്ങൾ ഇവരിൽ കണ്ടു തുടങ്ങുന്നു. ക്രമേണകൊണ്ട് ഇവർ ബഹുദൂരം അകന്ന് കഴിയുന്നു. ഇവരെ ഒറ്റവാക്കിൽ പിൻമാറ്റക്കാർ എന്നു പറയാം.


(ശേഷം പേജ് 3)

EDITORIAL BOARD

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471



# ഞാനും എന്റെ സുവിശേഷവും

**ഈ ലോകത്തിൽ പോലും പ്രത്യേക സമ്പത്തിന് പ്രത്യേക സുരക്ഷ നൽകുന്നുണ്ട്. അങ്ങനെയെങ്കിൽ ദൈവത്തിന് അവകാശികളായ നാം എത്ര അധികം സുരക്ഷിതരായിരിക്കും. യേശു തന്റെ സ്വന്ത രക്തം കൊടുത്ത് വിലയ്ക്കു വാങ്ങി മക്കളും അവകാശികളു മാക്കി തീർത്തതിനാൽ ദൈവത്തിന് സ്തുതി നൽകാം.**



ജെ.പി. വെണ്ണിക്കുളം

എന്റെ സുവിശേഷത്തെക്കുറിച്ച് പൗലോസ് വ്യക്തമായി പ്രതിപാദിക്കുമ്പോൾ തന്നെ അക്കാലത്ത് നിലനിന്നിരുന്ന ദുരുപദേശങ്ങൾക്കെതിരെ "മറ്റൊരു സുവിശേഷം" (other gospel) എന്നാണ് പറഞ്ഞിരിക്കുന്നത്. 'എന്റെ സുവിശേഷവും മറ്റൊരു സുവിശേഷവും' തമ്മിലുള്ള പൊരുത്തമില്ലായ്മയെ താൻ തുറന്നു കാണിക്കുന്നു. ഗലാത്യർ 1:8,9 വാക്യങ്ങളിൽ "എന്നാൽ ഞാൻ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ ആകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ ശപിക്കപ്പെട്ടവൻ" എന്നു എഴുതിയിരിക്കുന്നു. മാത്രമല്ല താൻ അറിയിച്ച സുവിശേഷം മാനുഷികമല്ലെന്നും (വാക്യം 11) യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ പ്രാപിച്ചതാണെന്നും (വാക്യം 12) പൗലോസ് ഉറപ്പിച്ചു പറയുന്നു. അതുകൊണ്ട് വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയോസിനെ ഉപദേശിക്കുമ്പോൾ സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുക എന്നാണ് പറയുന്നത് (2 തിമൊ. 2 : 15). നിത്യസുവിശേഷമാണ് വെളിപ്പാട് 14 : 6,7 വാക്യങ്ങളിൽ കാണുന്ന "വേറൊരു സുവിശേഷം". മത്തായി 24 ൽ രാജ്യത്തിന്റെ സുവിശേഷവും (Gospel of the kingdom), വെളി. 14 : 6,7 ൽ നിലനിൽക്കുന്ന സുവിശേഷവും (everlasting gospel), അപ്പൊ. 2 : 3,7 ൽ സത്യസുവിശേഷവും (true gospel) നാം കാണുന്നു.

"മറ്റൊരു സുവിശേഷം" എന്ന ദുരുപദേശത്തെക്കുറിച്ച് പൗലോസ് പറയുമ്പോൾ, അക്കാലത്തെ ശക്തമായ ദുരുപദേശകരായിരുന്നു ഹുമനെയൊസും ഫിലെത്തൊസും. എന്നാൽ പൗലോസ് പ്രസംഗിച്ചത് മരണത്തിൽ നിന്നുള്ള പുനരുത്ഥാനവും പുനരുത്ഥാനത്തിലൂടെ ക്രിസ്തുവിൽ ലഭിക്കുന്ന വാഗ്ദത്തങ്ങളുമാണ്. പത്രോസ് തന്റെ ലേഖനത്തിൽ എഴുതുന്നത് 2 പത്രൊ. 2 : 1 മുതൽ പറയുന്നത് ശ്രദ്ധിക്കുക. ദുരുപദേശകന്മാർക്കുള്ള ശിക്ഷയെ ഇവിടെ വിവരിക്കുന്നു. അവർ തങ്ങളുടെ ഗുരുവിനെ ഒറ്റിക്കൊടുക്കുന്നവരും തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിക്കളയുന്നവരുമാണ്. സത്യം അറിഞ്ഞിട്ടും അതിനെ മറിച്ചിടുന്നു. അവർക്ക് ശീഘ്രനാശം സംഭവിക്കുന്നു. ശിക്ഷാവിധി താമസിക്കുന്നുമില്ല. ഇതൊന്നും അറിയാതെയാണോ ഇന്ന് ഇത്തരം വ്യാജ ഉപദേശകന്മാർ ചുറ്റി സഞ്ചരിക്കുന്നത് ? സത്യഉപദേശം മുറുകെ പിടിക്കുക. നല്ലത് ശോധന ചെയ്ത് അറിയുക. സത്യം അറിഞ്ഞാൽ അത് നമ്മെ സ്വതന്ത്രരാക്കും. വചനം ഉള്ളിൽ സംഗ്രഹിക്കുന്നവർക്ക് പാപത്തോട് എതിർത്തു നിൽക്കാൻ സാധിക്കും.

### എന്റെ സുവിശേഷത്തിൽ ഞാൻ ആര് ?

ഇനി ചിന്തിക്കേണ്ടത് ക്രിസ്തുവിന്റെ സുവിശേഷം എന്റെ സുവിശേഷമായി ഏറ്റെടുത്ത നാം ആരാണ് എന്നതാണ്. പലപ്പോഴും വിസ്മരിക്കുന്ന ഒന്നാണ് നാം ആരാണെന്നത്. അതറിഞ്ഞാൽ നാം ഉത്സുകരാകും. കർത്താവിനു വേണ്ടി തീക്ഷ്ണതയുള്ളവരായി മാറും. തുടർന്ന് ഇതിനെ കുറിച്ച് ചിന്തിക്കാം.

**1. നാം കർത്താവിന് വിലയുള്ളവരാണ് (1 പത്രൊ. 2 : 9)**

"നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പിക്കാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു". ഇവിടെ നാം വായിക്കുന്ന ചില പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു. a. തിരഞ്ഞെടുക്കപ്പെട്ടവർ, b. രാജകീയ പുരോഹിതവർഗ്ഗം, c. വിശുദ്ധ വംശം, d. പ്രത്യേക ജനം. നമ്മുടെ തെരഞ്ഞെടുപ്പ് കർത്താവാണ് നടത്തിയത്. യോഹ. 15 : 16 ൽ നിങ്ങൾ എന്നെയല്ല ഞാൻ നിങ്ങളെയാണ് തെരഞ്ഞെടുത്തത് എന്ന് യേശു പറയുന്നു. ദൈവത്താലുള്ള തെരഞ്ഞെടുപ്പിന് മാത്രമേ ആയുസ്സുള്ളു. അല്ലാത്തതൊക്കെ തകർന്നു പോകും. പുറപ്പാട് 19:6 ൽ നിങ്ങൾ എനിക്കു ഒരു പുരോഹിതരാജ്യവും വിശുദ്ധജനവും ആകും എന്നു കാണാം. യിസ്രായേലിനെ രാജകീയ പുരോഹിതവർഗ്ഗമായി ചിത്രീകരിക്കുന്നു. ദൈവത്തിന്റെ സ്വന്തം ജനമായതുകൊണ്ട് അവരെ തൊടുവാൻ ലോകരാഷ്ട്രങ്ങൾക്ക് പോലും ഭയമാണ്. വെളി. 1:6 ൽ "...പിതാവായ ദൈവത്തിനു നമ്മെ രാജാവും പുരോഹിതന്മാരും ആക്കി തീർത്തവൻ..." എന്നു വായിക്കുന്നു. നാം സാധാരണക്കാരല്ലെന്നും ദൈവദൃഷ്ടിയിൽ വിലയുള്ളവരാണെന്നും ഗ്രഹിക്കാം. ജാതികളെ ഈ ഗണത്തിൽപ്പെടുത്താൻ യഹൂദന്മാർക്ക് താൽപര്യമില്ല. അവരെ ദൈവത്തിന്റെ ജനമായി അംഗീകരിക്കുകയുമില്ല. എന്നാൽ മിശിഹായുടെ രാജ്യം യഹൂദനെന്നോ യവനനെന്നോ വ്യത്യാസമില്ലാത്തതാണ്. രാജകീയ പുരോഹിത വർഗ്ഗമെന്ന് പറയുമ്പോൾ രാജാവിന്റെ സകല വിധി അധികാരങ്ങളും ഉള്ളവരെന്നു തന്നെ മനസ്സിലാക്കാം. രാജാവിനോടൊപ്പം ഇരിക്കാനും ഭക്ഷിക്കാനുമെല്ലാം ഇവിടെ അവകാശമുണ്ട്. ഇവിടെ ഒരേ സമയത്ത് രാജാവും പുരോഹിതന്മാരും ആണ്. പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാകുന്നവരാണിവർ. അതും കൃപയാൽ ലഭിക്കുന്ന പദവിയാണ്.

സെഖ. 6 : 13 മുതൽ വായിക്കുമ്പോൾ സിംഹാസനത്തിൽ ഇരുന്ന് വാഴും, അവർ സിംഹാസനത്തിൽ പുരോഹിന്മാർ ആയിരിക്കും എന്ന് കാണാം. പുറ. 19 : 6 ൽ നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധ ജനവും ആകും എന്ന് വായിക്കുന്നു. ദൈവത്തിനായി പ്രത്യേക ഉദ്ദേശത്തോടെ വേർതിരിക്കപ്പെട്ട യിസ്രായേലിന് ഇത് അഭിമാനകരമായ കാര്യമാണ്. ന്യായ 23 : 9 ൽ ഇതാ തനിച്ചു പാർക്കുന്നൊരു ജനം ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നില്ല എന്നു കാണാം. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവർ പ്രത്യേക പദവിയും അവകാശവുമുള്ള സ്വന്ത ജനമാണ്. പുറ. 19 : 5 ൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും എന്നാണ് വായിക്കുന്നത്. പുതിയ നിയമത്തിൽ കർത്താവിന്റെ സഭയെക്കുറിച്ച് പറയുമ്പോൾ അപ്പൊ. 20 : 26 ൽ "തന്റെ രക്തത്താൽ സമ്പാദിച്ച സഭ" എന്നാണ് പറഞ്ഞിരിക്കുന്നത്. നാം ദൈവത്തിന്റെ പ്രത്യേക ജനമാകുമ്പോൾ പ്രത്യേക പരിഗണന ഉണ്ടാകും. ഉയരത്തിലെ സകല ആത്മീക അനുഗ്രഹങ്ങൾക്കും അവകാശികളാണ്. അത് നമ്മിൽ നിന്നും അപഹരിക്കുവാൻ ആർക്കും സാധ്യമല്ല. ഈ ലോകത്തിൽ പോലും പ്രത്യേക സമ്പത്തിന് പ്രത്യേക സുരക്ഷ നൽകുന്നുണ്ട്. അങ്ങനെയെങ്കിൽ ദൈവത്തിന് അവകാശികളായ നാം എത്ര അധികം സുരക്ഷിതരായിരിക്കും. യേശു തന്റെ സ്വന്ത രക്തം കൊടുത്ത് വിലയ്ക്കു വാങ്ങി മക്കളും അവകാശികളുമാക്കി തീർത്തതിനാൽ ദൈവത്തിന് സ്തുതി നൽകാം. എഫെ. 1 : 14 ൽ നാം അവന്റെ സ്വന്ത ജനമാണെന്നും സ്വന്ത ജനമാകേണ്ടതിനു വേണ്ടി നമ്മെ ശുദ്ധീകരിച്ചു എന്നും വായിക്കുന്നു. (തിത്തൊസ് 2 : 14) അതുകൊണ്ട് അന്ധകാരത്തിൽ തപ്പിതടയേണ്ടവരല്ല, പ്രത്യുത, നാം അത്ഭുത പ്രകാശത്തിൽ വസിക്കേണ്ടവരാണ്.

# മുന്നേറ്റക്കാരും പിൻമാറ്റക്കാരും

(2-ാം പേജ് തുടർച്ച)

എന്നാൽ, മുന്നേറ്റക്കാർ ദൃഢനിശ്ചയം, വിശ്വാസം, പ്രത്യാശ, സ്നേഹം, എന്നിവയിൽ അടിസ്ഥാനമിട്ട് ആത്മാവിൽ എരിവോടെ മുന്നേറുന്നവർ ആയിരിക്കും. മറ്റുള്ളവർക്ക് മാതൃകയാകത്തക്ക ധാരാളം മൂല്യങ്ങൾ ജീവിതത്തിൽ ഇവർക്കുണ്ടായിരിക്കും. പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും ദൈവത്തെ സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നവരായിരിക്കും ഇക്കൂട്ടർ. കർത്താവിന്റെ വരവിനെക്കുറിച്ച് പ്രത്യാശയുള്ളവരും, പക്ഷപാദവും, ശണ്ഠയും, കലഹവും ഇല്ലാത്ത ഇവർ മന:സമാധാനം ഉണ്ടാക്കുന്നവരായിരിക്കും.

മടുത്തുപോകാത്ത പ്രാർത്ഥനാ ജീവിതമാണ് മുന്നേറ്റക്കാരുടെ എക്കാലത്തെയും ശക്തി. യേശുവിനെ മാതൃകാ പുരുഷനായി മുൻനിർത്തിയിരിക്കുന്ന ഏതൊരു വ്യക്തിക്കും മുന്നേറാൻ സാധിക്കും. അവർ നിത്യരാജ്യത്തിലെത്തുവോളം പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടിക്കൊണ്ടിരിക്കുന്നു.

ദൈവവചനം പറയുന്നു, എബ്രാ. 10:38 പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല.

പ്രിയരേ, ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപോയാൽ... മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല (എബ്രാ: 6:56). നിങ്ങൾ മുന്നേറ്റക്കാരുടെ കൂട്ടത്തിലാണോ, പിൻമാറ്റക്കാരുടെ കൂട്ടത്തിലാണോ എന്ന് സ്വയംശോധന ചെയ്യേണ്ടിയിരിക്കുന്നു. ജീവിതം പൊരുതി നേടാനുള്ളതാണ്. അത് നശിപ്പിക്കരുത്. വഴിമാറി സഞ്ചരിക്കാം. പക്ഷേ, വഴി തെറ്റി സഞ്ചരിക്കരുത്. **നാമോ നാശത്തിലേക്ക് പിൻമാറുന്നവരുടെ കൂട്ടത്തിലല്ല വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു (എബ്രാ. 10:39)**

# കുടുംബത്തിന്റെ പ്രാധാന്യം




(കഴിഞ്ഞ ലക്കം തുടർച്ച)



സാം റ്റി. മുഖത്തല

ഭവനത്തിൽ നിന്നും 'ഭ' പോയാൽ 'വന'മായി മാറും. ഭവനമായാൽ അവിടെ സ്വർഗതുല്യമാകും. വനമായാൽ വന്യജീവികളുടെ വിഹാര കേന്ദ്രമാകും. വന്യജീവികളുടെ സ്വഭാവമുള്ളവരായി തമ്മിൽ തല്ലിയും കടിച്ചുകീറിയും പ്രശ്നക്കാരായും മാറും.

### വിശുദ്ധ തിരുവചനം സകലത്തിനും ആധാരം

സത്യവേദപുസ്തകം മനുഷ്യന്റെ കാറ്റലോഗാണ്. മനുഷ്യന്റെ ഉൽപത്തി മുതൽ മനുഷ്യന്റെ അവസാനം അഥവാ യുഗായുഗം യേശുവിനോടു ചേർന്നു വാഴുന്നകാലം വരെ മനുഷ്യനെക്കുറിച്ചുള്ളതെല്ലാം രേഖപ്പെടുത്തിയ പുസ്തകമാണ് സത്യവേദപുസ്തകം. മനുഷ്യന്റെ ഉൽപത്തിക്കു മുൻപ് എന്നുവെച്ചാൽ ദൈവം ഈ കാണുന്ന പ്രപഞ്ചത്തെ ഉണ്ടാക്കുന്നതിനു മുൻപ് ഇവിടെ ഭൂമി ഉണ്ടായിരുന്നു. അന്ന് ഭൂമി പാഴും ശൂന്യവുമായിരുന്നു. അങ്ങനെ ശൂന്യമായിടത്താണ് ഇന്നു കാണുന്ന പ്രപഞ്ചത്തെ ദൈവം ഉണ്ടാകട്ടെ എന്നു കല്പിച്ച് ഉണ്ടാക്കിയത്. ഉദാഹരണമായി, ഉൽപത്തി 1:1,2 വാക്യങ്ങൾക്കു ശേഷം മൂന്നാം വാക്യത്തിനു യുഗങ്ങളുടെ വ്യത്യാസം ഉണ്ടെന്നാണ് വേദപണ്ഡിതന്മാർ അവകാശപ്പെടുന്നത്. "ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" (വാ.2) ഇതു പറഞ്ഞിട്ട്, "വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു" (വാ.3). ഇരുളായിരുന്ന സ്ഥാനത്ത് വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിക്കുന്നതിന്റെ ഇടയിലുള്ള സമയം യുഗായുഗങ്ങളാണ്. പാഴായിരുന്ന ഭൂമിയിൽ ഇന്നു കാണുന്ന പ്രപഞ്ചത്തിന്റെയും അതോടുകൂടി മനുഷ്യന്റെ ഉൽപത്തി മുതൽ, മനുഷ്യന്റെ അവസാനകാലഘട്ടം വരെയുള്ളവയാണ്. ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നത്.

മനുഷ്യന്റെ ജനനം, ബാല്യം, കൗമാരം, യൗവനം, വാർധക്യം, വിവാഹം, ജോലി തുടങ്ങി മനുഷ്യന് ഇപ്പോൾ എന്തു സംഭവിക്കുന്നു, ഇനി എന്തു സംഭവിക്കും എന്നിങ്ങനെയുള്ള ദീർഘചരിത്രമാണ് ബൈബിൾ. മനുഷ്യൻ ഇവിടെ എങ്ങനെ ജീവിക്കണം, രാജാക്കന്മാർ എങ്ങനെ ഭരിക്കണം, രാജ്യങ്ങളുടെ നിയമങ്ങൾ എങ്ങനെയായിരിക്കണം, തുടങ്ങി മനുഷ്യന്റെ ശാരീരിക മാനസിക ആത്മിക തലങ്ങളിലുള്ള സകല കാര്യങ്ങളും തിരുവെഴുത്തിൽ പ്രതിപാദിച്ചിരിക്കുന്നു. മനുഷ്യൻ ഏതെല്ലാം മേഖലയിൽ കൈക്കരുത്തു കാട്ടിയാലും അതിനെക്കുറിച്ചു ബൈബിളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ബുദ്ധി വികസിച്ച് ശാസ്ത്രം എന്തെല്ലാം കണ്ടുപിടുത്തങ്ങൾ നടത്തിയാലും അതു ബൈബിളിൽ പറഞ്ഞിട്ടുണ്ട്.

ബൈബിൾ മനുഷ്യരുമായി ചേർന്നു നിൽക്കുകയും മനുഷ്യന്റെ കാറ്റലോഗ് ആയതുകൊണ്ട് ബൈബിൾ സത്യം തന്നെയാണ്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്. (2 തിമൊ.3: 15). "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവമായിരുന്നു, വചനം ദൈവത്തോടു കൂടെയായിരുന്നു, ആ വചനം കൃപയും സത്യവും നിറഞ്ഞ് ഭൂമിയിൽ പാർത്തു" (യോഹ. 1:1). സ്വർഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നതാണ് ദൈവവചനം. ഈ വചനം വായിക്കുന്നവനും വായിച്ചുകേൾപ്പിക്കുന്നവനും പ്രമാണിക്കുന്നവനും ഭാഗ്യവാൻ (വെളി. 1:3). ഇങ്ങനെയുള്ള ഈ തിരുവെഴുത്തിൽ കുടുംബത്തെക്കുറിച്ചും, എങ്ങനെ ക്രിസ്തീയ കുടുംബജീവിതം വിജയകരമാക്കാം എന്നും പറഞ്ഞിട്ടുണ്ട്. ഒരു മനുഷ്യന്റെ ജനനം, വിദ്യാഭ്യാസം, ജോലി, വിവാഹം, കുടുംബജീവിതത്തിൽ ഭാര്യയുടെയും മക്കളുടെയും കർത്തവ്യങ്ങൾ തുടങ്ങി കുടുംബജീവിതം വിജയപ്രദമാക്കാൻ ആവശ്യമുള്ളതെല്ലാം പ്രതിപാദിക്കുന്നു. മനുഷ്യൻ വായിച്ച് സ്വയപരിശോധന ചെയ്യാൻ പറ്റിയ പുസ്തകമാണ് ബൈബിൾ. മനുഷ്യന്റെ ജീവിതത്തിൽ പരാജയം വരുമ്പോൾ എങ്ങനെ വിജയമാക്കാൻ കഴിയുമെന്ന് പരിശോധിക്കാനുള്ള ഗ്രന്ഥമാണ് തിരുവചനം. എല്ലാ മേഖലയും വിജയമാക്കാൻ ഉപദേശവും മാർഗദർശനവും തരുന്ന പുസ്തകമായ തിരുവെഴുത്തു പരിശോധിച്ച് മുന്നോട്ടു പോകുക. തുടർന്നുള്ള എഴുത്തുകളിൽ കൂടുതലും പ്രതിപാദിക്കുന്നത് സത്യവേദപുസ്തകാടിസ്ഥാനത്തിലാണ്.

### കുടുംബം സ്ഥാപിച്ചതു ദൈവം

ദൈവത്താൽ സ്ഥാപിതമായ മഹനീയവും മഹത്തരവുമായ ഏറ്റവും വലിയ പ്രസ്ഥാനമാണ് കുടുംബം. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, എന്ന ദൈവികചിന്തയുടെ ഫലമായി ദൈവത്താൽ സ്ഥാപിക്കപ്പെട്ട സംവിധാനമാണ് കുടുംബം. ദൈവത്താൽ സ്ഥാപിതമായതുകൊണ്ട് കുടുംബം ഇന്നും നിലനിൽക്കുന്നു. കുടുംബം സമൂഹത്തിന്റെ അടിത്തറയാണ്. ശാസ്ത്രസാങ്കേതിക തലങ്ങളിൽ ഉണ്ടായ വളർച്ചയുടെ കുതിച്ചുകയറ്റത്തിനൊന്നും കുടുംബത്തിന്റെ പ്രാധാന്യത നഷ്ടമാക്കാൻ കഴിഞ്ഞില്ല. രാജ്യത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും ഒക്കെ നിലനിൽപ്പ് കുടുംബത്തെ ആശ്രയിച്ചിരിക്കും. ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കളും കുട്ടികളും തമ്മിലും ഉള്ള ബന്ധത്തിന്റെ ഊഷ്മളതയാണ് കുടുംബത്തിന്റെ ദൃഢത.

കുടുംബം എന്നതിന്റെ എബ്രായപദം 'മിസ്ഫ' എന്നാണ്. വ്യക്തികളുടെ കൂട്ടായ്മയായ 'ഗോത്രം, കുലം' എന്നൊക്കെയാണ് ഈ വാക്കിന്റെ അർഥം. ഗ്രീക്കിൽ 'പാട്രിയ' എന്ന പദമാണു തുല്യപദം. പിതാവിൽ നിന്നുള്ളത് എന്നർഥം (സംഖ്യ. 3:15). ദൈവം മനുഷ്യന്റെ സൃഷ്ടിപ്പിനെത്തുടർന്ന് കുടുംബത്തെയും സ്ഥാപിച്ചു (ഉൽപ. 2:18-25). "അതുകൊണ്ട്, പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. അവർ ഏകദേഹമായിത്തീരും". ദൈവം ആദ്യകുടുംബത്തെ യോജിപ്പിച്ചപ്പോൾ ഭൂമിയിൽ മാതാപിതാക്കൾ ഉണ്ടായിരുന്നില്ല. എന്നാൽ, തിരുവചനം പ്രസ്താവിക്കുന്നത് എക്കാലത്തെയും കുടുംബങ്ങൾക്കുവേണ്ടിയാണ്.

"മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, എന്നു ദൈവം കണ്ടു" (ഉൽപ.2:18). ദൈവത്തിന്റെ സൃഷ്ടിപ്പിൽ ഉള്ള ഈ പ്രപഞ്ചത്തിലെ സസ്യങ്ങൾ, ജീവജാലങ്ങൾ, മൃഗജാതി, പക്ഷികൾ തുടങ്ങി സകലതും ദൈവം സൃഷ്ടിക്കുമ്പോൾ നല്ലതെന്നു ദൈവം കണ്ടു. എന്നാൽ, ദൈവസൃഷ്ടിയിൽ നന്നല്ല എന്നു പറഞ്ഞത്, മനുഷ്യൻ ഏകനായിരിക്കുന്നതാണ്. മനുഷ്യനായ ആദാമിന് തക്കതുണയെ കണ്ടുപിടിക്കാൻ ദൈവം സകലജീവജാലങ്ങളെയും ആദാമിന്റെ മുൻപിലൂടെ കടത്തിവിട്ടു (ഉൽപ.2: 20). പക്ഷെ, മനുഷ്യൻ എല്ലാറ്റിന്റെയും പേരു വിളിച്ചതല്ലാതെ ഒരു തുണയെ കണ്ടെത്താൻ കഴിഞ്ഞില്ല. മനുഷ്യന്റെ ഏകാന്തതയ്ക്കു പരിഹാരമായി ദൈവം ഒരു തക്കതുണയായി ഹവ്വയെ ഉണ്ടാക്കി തമ്മിൽ യോജിപ്പിച്ചു. മനുഷ്യനെ സൃഷ്ടിച്ചതും, തക്ക തുണയെ ഉണ്ടാക്കിക്കൊടുത്ത് യോജിപ്പിച്ച് കുടുംബം സ്ഥാപിച്ചതും ദൈവമാണ് (ഉൽപ. 1: 26,27; 2:7; 2:18-25).

ഏകാന്തതയും നിരാശയും ഒറ്റപ്പെടലും ഒക്കെ മാറി സന്തോഷവും ഊഷ്മളതയും ഉള്ളവരായിത്തീരേണ്ടതിനു കുടുംബം ആവശ്യം തന്നെയാണ്. കൂടുമ്പോൾ ഇമ്പം ഉള്ളതാണ് കുടുംബം. കൂടുമ്പോൾ ഇമ്പമുള്ളതായില്ലെങ്കിൽ കുടുംബത്തിന് പകരം നരകമായി മാറും.

ഭവനത്തിൽ നിന്നും 'ഭ' പോയാൽ 'വന'മായി മാറും. ഭവനമായാൽ അവിടെ സ്വർഗതുല്യമാകും. വനമായാൽ വന്യജീവികളുടെ വിഹാരകേന്ദ്രമാകും. വന്യജീവികളുടെ സ്വഭാവമുള്ളവരായി തമ്മിൽ തല്ലിയും കടിച്ചുകീറിയും പ്രശ്നക്കാരായും മാറും. അത്തരത്തിലുള്ള വീടുകളിൽ സന്തോഷമോ സമാധാനമോ ഉണ്ടാകയില്ല. ഏദെൻതോട്ടം പോലെ മനോഹരമായ ഭവനം ചമയ്ക്കുന്നവരാകുവിൻ.

നാട്ടിൽ പൊതുവെ ഇങ്ങനൊരു പറച്ചിലുണ്ട്; കല്യാണം കഴിഞ്ഞാൽ ആദ്യനാളുകളിൽ അവൻ (ഭർത്താവ്) പറയുന്നത് അവൾ (ഭാര്യ) കേൾക്കും. രണ്ടുവർഷം കഴിയുമ്പോഴേക്കും അവൾ (ഭാര്യ) പറയുന്നത് അവൻ (ഭർത്താവ്) കേൾക്കും. ഒടുവിൽ അവർ പറയുന്നത് നാട്ടുകാർ കേൾക്കും. ഇരുവരും ദൈവത്തിലാശ്രയിച്ച് ദൈവം പറയുന്നത് കേട്ടാൽ പരസ്പരം ബഹുമാനത്തോടെ ജീവിച്ചാൽ അത് ഭവനമായി മാറും, കുടുംബമായി മാറും.

## എ.ജി. വേൾഡ് മലയാളി മീഡിയ അസോസിയേഷൻ നിലവിൽ വന്നു

**പുനലൂർ:** ലോകമെമ്പാടുമുള്ള അസംബ്ളീസ് ഓഫ് ഗോഡ് സഭാംഗങ്ങളായ മലയാളി എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സംഗമവേദിയായി അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ (അഗ്മ) രൂപീകരിച്ചു. ജനുവരി 26-നു പുനലൂർ ടൗൺ എ.ജി. ചർച്ചിൽ നടന്ന എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും യോഗത്തിൽ വച്ചാണ് മീഡിയ അസോസിയേഷനു രൂപം നൽകിയത്. പാസ്റ്റർ ഡി.കുഞ്ഞുമോന്റെ അധ്യക്ഷത വഹിച്ചു. ക്രൈസ്തവ ചിന്ത ചീഫ് എഡിറ്റർ കെ.എൻ. റസൽ, ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ പ്രഭാഷണം നടത്തി. എഴുത്തുകാരായ ബാബു ജോർജ് പത്തനാപുരം, കെ. മോഹനദാസ്, സജി ചെറിയാൻ, ജോയി മുളയറ, ടി.വി. ജോർജ്കുട്ടി, ജോൺസൻ ചാക്കോ, സാജൻ സാമുവൽ, ജോമോൻ എം.വി., ഷാജി ആലുവിള തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു. പാസ്റ്റർ സാം യു. ഇളമ്പൽ സ്വാഗതവും പാസ്റ്റർ പോൾ മാള കൃതജ്ഞതയും പറഞ്ഞു.

അഗ്മ ഭാരവാഹികളായി എൽ. സാം, പാസ്റ്റർ ബാബു ജോർജ് പത്തനാപുരം (അഡ്വൈസറി ബോർഡ് അംഗങ്ങൾ), പാസ്റ്റർ ഡി. കുഞ്ഞുമോൻ (പ്രസിഡന്റ്), പാസ്റ്റർ ഷാജി ആലുവിള (വൈസ് പ്രസിഡന്റ്) പാസ്റ്റർ പോൾ മാള (സെക്രട്ടറി), പാസ്റ്റർ ടി.വി. ജോർജ്കുട്ടി, പാസ്റ്റർ സജി ചെറിയാൻ (ജോ. സെക്രട്ടറിമാർ), ജിനു വർഗീസ് (ട്രഷറർ), പാസ്റ്റർ കെ. കെ. എബ്രഹാം (മീഡിയ കൺവീനർ), കെ.എൻ. റസൽ, ഷാജൻ ജോൺ ഇടയ്ക്കാട്, പാസ്റ്റർ സാം യു.ഇളമ്പൽ, പാസ്റ്റർ ജോൺ എബ്രഹാം (മെമ്പേഴ്സ്) എന്നിവരെ തിരഞ്ഞെടുത്തു.

## പെന്തെക്കൊസ്തൽ വുമൻസ് കൗൺസിൽ ഭാരവാഹികൾ



ഏലിയാമ്മ തോമസ്



ജിൻസി സാം



ജോയിസ് സാജൻ

**കോട്ടയം:** പെന്തെക്കൊസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ പുത്രികാ സംഘടനയായ പിഡബ്ല്യുസിയുടെ പ്രസിഡന്റായി സിസ്റ്റർ ഏലിയാമ്മ തോമസ് വടക്കെക്കുറ്റ്, വൈസ് പ്രസിഡന്റുമാരായി മോളിക്കുട്ടി കോശി, ബിജോ ജോസ് അതുല്ല്യ, സെക്രട്ടറിയായി ജിൻസി സാം, ജോയിന്റ് സെക്രട്ടറിമാരായി ഷോളി വർഗ്ഗീസ്, ജോയമ്മ വർഗ്ഗീസ്, ട്രഷററായി ജോയിസ് സാജൻ, മീഡിയാ കൺവീനറായി ലതാ ജോൺസൺ, പ്രയർ കൺവീനറായി നിർമ്മലാ രാജൻ, ചാരിറ്റി കൺവീനറായി സൂസൻ റെജി, എഡിറ്റോറിൽ ബോർഡ് അംഗങ്ങളായി ഷേർളി ജിജി, ഷേർളി സണ്ണി, ഒമേഗ സുനിൽ എന്നിവരെയും, എക്സികുട്ടീവ് അംഗങ്ങളായി മറിയാമ്മ ജോയി, ലില്ലി റെജി, ഗിരിജാ സാം എന്നിവരെയും തിരഞ്ഞെടുത്തു.



ഡോ. ഡി. ബാബുപോൾ പ്രസംഗിക്കുന്നു. സി.വി. മാത്യു, പാ. കെ.സി. ജോൺ, ജോർജ് മത്തായി എന്നിവർ സമീപം.

## മനുഷ്യൻ ദൈവത്തിലേക്ക് നോക്കുന്നത് എഴുത്തുകളിലൂടെ: ഡോ. ഡി. ബാബു പോൾ

**കുമ്പനാട്:** മനുഷ്യൻ ദൈവത്തിലേക്ക് നോക്കുന്നത് എഴുത്തുകളിലൂടെയാണെന്നും ദൈവത്തെക്കുറിച്ച് എഴുതുന്നതാണ് എഴുത്തുകാരന്റെ ദൗത്യമെന്നും ഡോ. ഡി. ബാബുപോൾ. ജനുവരി 19ന് കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് സംഘടിപ്പിച്ച മാധ്യമ ഗ്ലോബൽ മീറ്റിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുപോലെതന്നെ എഴുത്തുകാരനും പ്രാധാന്യമുണ്ട്. എഴുത്തുകാരന്റെ ജീവിതവും വായിക്കപ്പെടുന്നുണ്ട്. മൺചിരാതുകളിൽ സ്വച്ഛജഡമാംസം നൽകുന്നവനാണ് ദൈവം. എഴുത്തുകാരന്റെയും ദൗത്യം ഇതുതന്നെയാവണം.

മലയാളഭാഷയ്ക്ക് ക്രൈസ്തവ മിഷണറിമാരുടെ സംഭാവന ആർക്കും നിഷേധിക്കാനാവില്ല. വില്യം കേറി, ഹെർമൻ ഗുണ്ടർട്ട്, അർണോസ് പാതിരി എന്നിവർ ഇന്ത്യൻ ഭാഷകൾക്കുവേണ്ടി ജീവനും ജീവിതവും ഉഴിഞ്ഞുവെച്ചവരാണ്.

ക്രൈസ്തവ സമൂഹം സാഹിത്യത്തിന് വലിയ പ്രാധാന്യം നൽകാതിരിക്കുന്നത് ഒരു പ്രശ്നമാണെന്ന് സഭകൾക്ക് ബോധ്യമുണ്ടാവണം. ഈയവസരത്തിൽ ഇന്ത്യൻ പെന്തെക്കോസ്തു സഭ മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ഗ്ലോബൽ മീറ്റ് സംഘടിപ്പിച്ചത് എഴുത്തുകാരെ വളർത്തുന്നതിലെ ക്രൈസ്തവ സഭാദൗത്യത്തിന്റെ ഭാഗമാണ്. എഴുത്തുകാരൻ ദൈവത്തിനുവേണ്ടി എഴുതണം. ഗദ്യത്തിന് നല്ല ഭാഷയുണ്ടാകണം. ഭാഷയ്ക്ക് മാറ്റം വന്നെങ്കിലും ബൈബിളിന് മാറ്റമില്ല. ജീവിതത്തെ ക്രമീകരിക്കുന്നതും കൂടിയാണ് എഴുത്ത്, അദ്ദേഹം പറഞ്ഞു. ഗ്ലോബൽ മീറ്റിന്റെ ചെയർമാൻ സി.വി. മാത്യു അദ്ധ്യക്ഷനായിരുന്നു.

ഐ.പി.സി.ജനറൽ പ്രസിഡണ്ട് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്തു. നല്ലതും ചീത്തയുമായ വാർത്തകൾ ലേഖകന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നതും കൂടിയാണെന്ന് അദ്ദേഹം പറഞ്ഞു. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ആമുഖ പ്രഭാഷണം നടത്തി. ദീർഘകാലത്തെ മികച്ച മാധ്യമപ്രവർത്തനം നടത്തിയ ഐ.പി.സിയിലെ സീനിയർ എഴുത്തുകാർക്കുള്ള പുരസ്കാരവും പ്രശസ്തിപത്രവും ഡോ. കെ.സി. ജോൺ, ബ്രദർ ജോർജ് മത്തായി എന്നിവർക്കു ഡോ. ഡി. ബാബുപോൾ നല്കി.

പുരസ്കാരം നേടിയവരെ പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ പരിചയപ്പെടുത്തി. പാസ്റ്റർ ഷിബു നെടുവേലിൽ ആശംസാ പ്രസംഗം നടത്തി. പാസ്റ്റർമാരായ കെ.സി. തോമസ്, രാജു പൂവക്കാല, സി.സി. ഏബ്രഹാം, വിൽസൺ ജോസഫ്, ബ്രദർ ജോയി താനവേലിൽ തുടങ്ങിയവരും പങ്കെടുത്തു. ഫിന്നി പി. മാത്യു സ്വാഗതവും സജി മത്തായി കാതേട്ട് നന്ദിയും പറഞ്ഞു.

# ദൈവവുമായുള്ള ബന്ധം വലിയത്

(1-ാം പേജ് തുടർച്ച)

ടെയും നടുവിൽ വിളിച്ച ദൈവത്തെ മറന്ന് നാം ജീവിക്കരുത്. ലോകത്തിൽ പലതും നേടിയെടുക്കാൻ നമുക്ക് കഴിയും, പേര് പ്രശസ്തി, ധനം, മാനം അങ്ങനെ എല്ലാം. എന്തു നേടിയിട്ടും നിത്യത നമുക്ക് നഷ്ടമായാൽ അതുകൊണ്ട് എന്തു ലാഭമാണ് ഉള്ളത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഞായറാഴ്ചത്തെ സംയുക്ത സഭായോഗത്തിന് പാസ്റ്റർ ജെ. ജോസഫ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വൈ റെജി സങ്കീർത്തനം വായിച്ചു. പാസ്റ്റർ ജോൺസൻ ദാനിയേൽ സങ്കീർത്തന പ്രബോധനം നടത്തി. കർത്തൃമേശക്ക് പാസ്റ്റർ സി.സി. തോമസ് നേതൃത്വവും പാസ്റ്റർ എം. കുഞ്ഞപ്പി സന്ദേശവും നല്കി. ബ്രദർ ജോസഫ് മറ്റത്തുകാല നന്ദി പറഞ്ഞു. 2016-2018 കലായളവിലെ ഭരണസമിതിക്ക് യാത്ര അയപ്പും, 2018-2020 ഭരണസമിതി അംഗങ്ങളെ സഭായോഗത്തിൽ ഓവർസിയർ പാസ്റ്റർ സി. തോമസ് പ്രാർത്ഥിച്ച് നിയമിച്ചു. പാസ്റ്റർമാരായ കെ. വൈ. ഗീവർഗിസ്, സണ്ണി ഏബ്രഹാം, ക്രിസ്റ്റഫർ റ്റി. രാജു, വൈ. ജോസ്, റ്റി.എ. ജോർജ്, പി.ജി. ശാമുവേൽ, തോമസ് എം. പുളിവേലിൽ, സി.എസ്. ഈശോ, ബ്രദർ കെ. ഏബ്രഹാം എന്നിവർ പ്രാർത്ഥിച്ചു. പാസ്റ്റർ കെ.സി. ജോണിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൺവൻഷൻ സമാപിച്ചു.

പവ്വർ കോൺഫറൻസ്, ശുശ്രൂഷക സമ്മേളനം, ലേഡീസ് മീറ്റിംഗ്, ബൈബിൾ കോളേജ് ഗ്രാഡുവേഷൻ, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സമ്മേളനം, സൺഡേസ്കൂൾ യുവജനസമ്മേളനം തുടങ്ങിയവ ഉണ്ടായിരുന്നു. വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ പ്രിൻസ് തോമസ്, പി.ആർ. ബേബി, ഷിബു കെ. മാത്യു, വിനോദ് ജേക്കബ്, വി.ഒ. വർഗിസ്, പി.ഐ. ഏബ്രഹാം, റെജി മാത്യു ശാസ്താംകോട്ട, അനിഷ് ഏലപ്പാറ, പി.സി. ചെറിയാൻ, ജെയിംസ് റിച്ചാർഡ്, ജോൺ തോമസ്, ജോസ് എണ്ണിക്കാട്, കുര്യൻ ജോർജ്, മാത്യു കെ. ഫിലിപ്പ്, ഏബ്രാഹാം വർഗിസ്, വി.പി. തോമസ്, ഡോ. ജെയ്സൺ തോമസ്, ഡോ. സി.റ്റി. ലൂയിസ്കുട്ടി, എ.റ്റി. ജോസഫ്, സാംകുട്ടി മാത്യു, എബി റ്റി. ജോയി, ഷൈജു തോമസ് ഞാറയ്ക്കൽ, വി.വി. അല്ക്സാണ്ടർ, അശോക് മാത്യു അലക്സ്, ബിനു ജോർജ്, ജോൺ ഫിലിപ്പ്, സുബാഷ് സി. ദാനിയേൽ, സിസ്റ്റർ അന്നമ്മ നൈനാൻ എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. റ്റി.എം. മാമച്ചൻ, ബാബു ചെറിയാൻ, വി.റ്റി. ഏബ്രഹാം, ഏബ്രഹാം മാത്യു കൊട്ടാരക്കര, കെ.എം. ചെറിയാൻ, ഏബ്രഹാം മാത്യു കോട്ടയം, ജോൺ ജോസഫ് പി., സി.എം. വത്സലദാസ്, സജി ജോർജ്, പി. എ. ജെറാൾഡ്, തോമസ്കുട്ടി ഏബ്രഹാം, ഷിജു മത്തായി, ജോസ് ബോബി എന്നിവർ വിവിധ യോഗങ്ങൾക്ക് അദ്ധ്യക്ഷത വഹിച്ചു.

പാസ്റ്റർ വൈ. ജോസിന്റെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ഓവർസിയർ പാസ്റ്റർ സി.സി. തോമസ് ജനറൽ കൺവീനറായും, പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി എന്നിവർ ജോയിന്റ് ജനറൽ കൺവീനറായും ഉള്ള വിപുലമായ കമ്മറ്റിയും ബിലിവേഴ്സ് ബോർഡ് വൈസ് പ്രസിഡന്റ് ബ്ര. സി.പി. വർഗിസ്, ബ്ര. ജോസഫ് മറ്റത്തുകാല എന്നിവരും നേതൃത്വം നല്കി.

## പെന്തെക്കോസ്ത് മിഷൻ കൺവൻഷൻ

(1-ാം പേജ് തുടർച്ച)

രും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത സഭായോഗവും ഉണ്ടായിരിക്കും. വിവിധ പ്രാദേശിക ഭാഷകളിൽ മിഷൻ പ്രവർത്തകർ ഗാനങ്ങൾ ആലപിക്കും. സഭയുടെ ചീഫ് പാസ്റ്റർമാരും, സീനിയർ സെൻറർ പാസ്റ്റർമാരും കൺവൻഷനിൽ പ്രസംഗിക്കും. സമാപന ദിവസം ഞായർ വൈകിട്ട് 5.45ന് പ്രത്യേക ദൈവീക രോഗശാന്തി ശുശ്രൂഷ ഉണ്ടായിരിക്കും. രോഗശാന്തി ശുശ്രൂഷയുടെ അനുഗ്രഹത്തിനായി ജനുവരി 26 ന് കൊട്ടാരക്കര സെന്ററിന്റെ കീഴിലുള്ള പ്രാദേശിക സഭകളിലെ വിശ്വാസികളും ശുശ്രൂഷകരും പങ്കെടുക്കുന്ന പ്രത്യേക ഉപവാസ പ്രാർത്ഥന നടക്കും. ഇന്ത്യയുടെ വിവിധയിടങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ പങ്കെടുക്കും.

12ന് രാവിലെ സഭയുടെ കേരളത്തിലെ 12 സെന്ററുകളിൽ നിന്നും തമിഴ്നാട്ടിലെ മധുര, നാഗർകോവിൽ, പാളയംകോട്ട, തൂത്തുക്കുടി, നാസ്രേത്ത് എന്നീ സെന്ററുകളിൽ നിന്നുള്ള പുതിയ ശുശ്രൂഷകരെ തെരഞ്ഞെടുക്കുന്ന യോഗവും ഉണ്ടായിരിക്കും.

കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് വിപുലമായ ക്രമീകരണങ്ങൾ ചെയ്ത് വരുന്നതായി മിഷൻ പ്രവർത്തകർ അറിയിച്ചു.

കൊല്ലവർഷം 1105-ൽ പെന്തെക്കോസ്ത് മിഷൻ പ്രവർത്തനം കൊല്ലം ജില്ലയിൽ ആരംഭിക്കുകയും 1110-ൽ കൊട്ടാരക്കരയിൽ ഫെയ്ത്ത് ഹോം സ്ഥാപിക്കുകയും ചെയ്തു. 1934 മുതൽ ആരംഭമായ കൊട്ടാരക്കര സെന്റർ കൺവൻഷൻ ഇന്ന് 84-ാമത് സാർവ്വദേശീയ കൺവൻഷനും കേരളത്തിലെ പെന്തെക്കോസ്ത് മിഷൻ സഭകളുടെ ഏറ്റവും വലിയ ആത്മീയ സംഗമവുമാണ്.

1924ൽ ശ്രീലങ്കയിൽ മലയാളിയായ പാസ്റ്റർ പോൾ സിലോൺ പെന്തെക്കോസ്ത് മിഷൻ എന്ന പേരിൽ സ്ഥാപിച്ച സഭയാണ് ഇന്ന് ലോകത്തിലെ പ്രമുഖ പെന്തെക്കോസ്ത് സഭകളിൽ ഒന്നായി വളർന്നു കഴിഞ്ഞ ദി പെന്തെക്കോസ്ത് മിഷൻ'.

ലോകത്തിൽ 65ൽ പരം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന പെന്തെക്കോസ്ത് മിഷൻ സഭയുടെ കേരളത്തിലെ ആസ്ഥാന മന്ദിരം കൊട്ടാരക്കരയിലും, ഇന്ത്യയിൽ ചെന്നൈ ഇരുമ്പല്ലിയൂരിലും, അമേരിക്കയിൽ ന്യൂയോർക്കിലുമാണ്. സഭാ ചീഫ് പാസ്റ്റർ എൻ. സ്റ്റീഫൻ, ഡപ്യൂട്ടി ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യൂ, അസോസിയേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ ജി. ജെയം എന്നിവരാണ് സഭയെ നയിക്കുന്നത്.

## കുമ്പനാട് കൺവൻഷൻ

(1-ാം പേജ് തുടർച്ച)

ന്ദേശം നൽകി. ബൈബിൾ പ്രൺവചനങ്ങൾ നിവർത്തിയാകുന്നൺതു കാണുമ്പോൾ പ്രതീക്ഷ കൈവിടാതെ മുന്നേറാൻ കഴിയുന്നവരാകണമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

പതിനായിരങ്ങൾ പങ്കെടുത്ത തിരുവത്താഴശുശ്രൂഷയ്ക്ക് ഐൺപിസി സീനിയർ മിനിസ്റ്റർ പാസ്റ്റർ എം.വി. വർഗീസ് നേതൃത്വം നൽൺകി. ഐപിസി കർണാടകസ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോൺമസ് അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ വി.ജെ. തോമസ്, തോമസ് ജോർജ് എന്നിവർ പ്രസംഗിച്ചു. സാം കുഴിക്കാല, പാസ്റ്റർ റോയി പൂവക്കാല, അജി കല്ലുങ്കൽ എന്നിവർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. അടുത്ത കൺവൻഷൻ 2019 ജനുവരി 13-20 വരെ നടക്കും.







# ജെ.പി. വെണ്ണിക്കുളത്തിന്റെ പുസ്തകം പ്രകാശനം ചെയ്തു

**തിരുവല്ല:** ക്രൈസ്തവ എഴുത്തുപുര ന്യൂസ് ചീഫ് എഡിറ്റർ ജെ.പി. വെണ്ണിക്കുളം രചിച്ച 'ഞാനും എന്റെ സുവിശേഷവും' ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷനിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് പാസ്റ്റർ ജെയിംസ് റിച്ചാർഡിനു (നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് നാഷണൽ കൺവീനർ) നൽകി പ്രകാശനം ചെയ്തു. പ്രസ്തുത ചടങ്ങിൽ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് പങ്കെടുത്തു. കോപ്പികൾക്കു ബന്ധപ്പെടുക: 9496327109

## പിവൈപിഎ മലപ്പുറം ജില്ലാ സമ്മേളനം

**മലപ്പുറം:** പിവൈപിഎ മലപ്പുറം സോണൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 26ന് സുവിശേഷപര്യടന റാലി നടന്നു. ജില്ലയുടെ വിവിധയിടങ്ങളിൽ പരസ്യയോഗങ്ങളും ട്രാക്റ്റ് വിതരണവും നടന്നു. വൈകിട്ട് എടവണ്ണയിൽനടന്ന മിനികൺവൻഷൻ ഐപിസി മലബാർ മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജോജി ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു. പി.വൈ.പി.എ സംസ്ഥാന സെക്രട്ടറി ലൈജു ജോർജ് മുഖ്യപ്രഭാഷണം നടത്തി. ഇവാ. പെയ്സൺ മാത്യു, സജി മത്തായി കാതേട്ട്, സാം കൊണ്ടാഴി, ജെയിംസ് വർക്കി, വിനോഷ്, പാസ്റ്റർ ജേക്കബ്, പാസ്റ്റർ കെ.എം. മാത്യു എന്നിവർ പ്രസംഗിച്ചു.

## ബിരുദദാന ശുശ്രൂഷ

**പെരുമ്പാവൂർ:** കീഴില്ലം, പെനിയേൽ ബൈബിൾ സെമിനാരിയുടെ 35–ാ മത് ബിരുദദാന ശുശ്രൂഷ ഫെബ്രുവരി 10നു സെമിനാരി ഓഡിറ്റോറിയത്തിൽ നടക്കും.

ഡോ. ജെയ്സൺ തോമസ് മുഖ്യസന്ദേശം നൽകും. ഡോ. സി.പി. വർക്കീസ് ബിരുദദാനശുശ്രൂഷ നിർവഹിക്കുന്നതുമാണ്. 35 വിദ്യാർത്ഥികളാണ് പഠനം പൂർത്തിയാക്കിയിരിക്കുന്നത്.



## സിസ്റ്റർ ഗ്രേസി ബേബി എൽഎം സ്റ്റേറ്റ് സെക്രട്ടറി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ലേഡീസ് മിനിസ്ട്രിയുടെ കേരളാ സ്റ്റേറ്റ് സെക്രട്ടറിയായി സിസ്റ്റർ ഗ്രേസി ബേബിയെ നിയമിച്ചു. എറണാകുളം ഫെയ്ത്ത് സിറ്റി ചർച്ച് ഓഫ് ഗോഡ് ചർച്ചിന്റെ സീനിയർ പാസ്റ്റർ പി. ആർ ബേബിയുടെ ഭാര്യയായ ശ്രീമതി നല്ല പ്രഭാഷകയും സംഘാടകയുമാണ്.

## കുമ്പനാട് സ്ഥലപ്രശ്നം രമ്യമായി പരിഹരിച്ചു

**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ ഉള്ളതും കുമ്പനാട് ബഥേൽ ചർച്ചും ബഥേൽ ലേഡിസ് ബൈബിൾ കോളേജും സ്ഥിതി ചെയ്യുന്ന സ്ഥലം ഒരു വിഭാഗം ബിജെപി പ്രവർത്തകർ എന്ന പേരിൽ കയ്യേറി ഗെയ്റ്റ് പൊളിക്കുകയും കൊടി സ്ഥാപിക്കുകയും ചെയ്തു. നേതൃത്വത്തിന്റെ സമയോചിതമായ ഇടപെടൽ മൂലം ബിജെപി പാർട്ടിയുമായി ബന്ധപ്പെട്ടവർ ഖേദം പ്രകടിപ്പിക്കുകയും ഇനി മേലിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുകയില്ല എന്ന ഉറപ്പും നൽകുകയും ചെയ്തു.

*ഷൈജു തോമസ് ഞാറയ്ക്കൽ*



*കോൺഫറൻസ് പാസ്റ്റർ ഏബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ജേക്കബ് ജോർജ്, മാത്യൂസ് മായാലിൽ, ഫിന്നി ജേക്കബ്, പോൾ ഗോപാലകൃഷ്ണൻ തുടങ്ങിയവർ സമീപം.*

## പാസ്റ്റേഴ്സ് കോൺഫറൻസ്

**ആറന്മുള:** ശാരോൻ മാവേലിക്കര ചെങ്ങന്നൂർ റീജിയൻ പാസ്റ്റേഴ്സ് & ഫാമിലി കോൺഫറൻസ് ജനുവരി 3നു ആറന്മുള ശാരോൻ ചർച്ചിൽ നടന്നു. റീജിയൻ പാസ്റ്റർ ജേക്കബ് ജോർജ് അധ്യക്ഷത വഹിച്ചു. ശാരോൻ മാനേജിങ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്തു. മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ്, പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ മാത്യൂസ് മായാലിൽ, പാസ്റ്റർ ജോജു തോമസ്, പാസ്റ്റർ ജെ.പി. വെണ്ണിക്കുളം എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ സോവി മാത്യുവിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു.




*സിഇഎം വജ്രജൂബിലി ജനറൽ ക്യാമ്പ് ജനറൽ പ്രസിഡന്റ് പാസ്റ്റർ ഫിലിപ് ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു.*

# ബൈബിൾവിതരണം

എന്റെ പേര് സി. മണിയൻ. ഞാൻ അറിയപ്പെടുന്നത് ചമ്പാവ് മണിയൻ എന്നാണ്. പാങ്ങോട് മാർക്കറ്റിൽ മീൻ ചുമട്ടുസെക്ഷനിൽ 84 പേരോടുകൂടി ഒരു ടേണിൽ ജോലിചെയ്തിരുന്നു. ഇപ്പോൾ 4 വർഷമായി ജോലി ചെയ്യുന്നില്ല. പല സ്ഥലങ്ങളിലും ഞങ്ങൾ ടീമായി ബൈബിൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. എനിക്ക് ബ്രെയ്ൻ ട്യൂമറും, കിഡ്നിക്ക് രോഗവും വന്ന് മരിക്കുമെന്ന് ഉറപ്പായ സമയങ്ങളിലും എന്നെ ചികിത്സിച്ച ഡോ. പിഷാരടിയുടെ സ്ഥാപനത്തിൽ ട്രാക്റ്റ് കൊടുക്കുവാനും അവിടെ വരുന്ന രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാനും സാധിച്ചിട്ടുണ്ട്. രോഗം മാറുന്നതിലുപരിയായി ഞാനറിഞ്ഞ സത്യം അവരും അറിയേണ്ടതിനാണ് പ്രാർത്ഥിച്ചത്. പാപത്തിൽ നിന്നും എന്നെ വിടുവിച്ച യേശുവിനെ സാക്ഷിക്കുവാൻ ദൈവം എന്നെ വിളിച്ചുവേർതിരിച്ചു. എന്റെ കർത്താവ് എന്നെ പേർ ചൊല്ലി വിളിച്ചിറക്കിയതുകൊണ്ട് ഇന്ന് ഈ പ്രവർത്തനങ്ങൾ ചെയ്യുന്നു. എന്റെകൂടെ 27 പേരടങ്ങുന്ന ഒരു ടീമും പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളിൽ മൂന്നുപേർ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുമാണ്. വാർദ്ധക്യത്തിലും ഫലം കായ്ച്ചും, പച്ചവച്ചും, പുഷ്ടിവച്ചും ഇരിക്കും എന്ന് തിരുവചനം പറഞ്ഞിരിക്കുന്നതുപോലെ പലയിടങ്ങളിലും കർത്താവിനായി പ്രയോജനപ്പെടുന്നു. പല ഭാഷകളിലുള്ള ബൈബിളുകൾ ആശുപത്രികളിലും ചന്തകളിലുമൊക്കെ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാവാം. ഞങ്ങൾ ഇരുപത്തിയേഴു പേർക്കുള്ള ടിക്കറ്റ് ബുക്കു ചെയ്ത് ഞങ്ങളെ വിളിച്ചാൽ നിങ്ങളാവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ബൈബിൾ വിതരണം ചെയ്യുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ഹോളി ബൈബിൾ, ചെറിയ ഇംഗ്ലീഷ് ബൈബിൾ, തമിഴ് ബൈബിൾ, തമിഴ് ട്രാക്റ്റ്, അങ്ങനെ മൊത്തം 400 കിലോയോളം വരുന്ന പുസ്തകസാമഗ്രഹികൾ ഞങ്ങൾ കൊണ്ടുപോകുന്നു.



ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി സഹായിക്കുന്നവരെ യെശയ്യാവ് 38–ാം അദ്ധ്യായത്തിൽ ഹിസ്കിയാവു രാജാവിനെ വിടുവിച്ചതുപോലെ യേശു വിടുവിക്കാം. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

**സി. മണിയൻ**
**യേശു ടെസ്റ്റിഭവൻ, റ്റി.സി. 26/2305 (1)**
**ബാർട്ടൺഹിൽ, വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം**
**Account No: 33445712633**
**Phone No: 8547312338**

# സിഇഎം വജ്രജൂബിലി ജനറൽ ക്യാംപ് സമാപിച്ചു

**തിരുവല്ല:** ശാരോൻ ഫെല്ലോഷിപ് ചർച്ച് യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ (സിഇഎം) വജ്രജൂബിലി വർഷ ജനറൽക്യാംപ് ഡിസംബർ 25–27 വരെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജിൽ നടന്നു. 'രൂപാന്തരം' എന്നതായിരുന്നു ചിന്താവിഷയം. പാസ്റ്റർ ജോർജ് മുണ്ടകന്റെ അധ്യക്ഷതയിൽ പാസ്റ്റർ ഫിലിപ് ഏബ്രഹാം ഉദ്ഘാടനം ചെയ്തു. വിവിധ സെക്ഷനുകളിൽ പാസ്റ്റർ ഫിന്നി ജേക്കബ്, പാസ്റ്റർ കെ.ടി. തോമസ്, പാസ്റ്റർ ബോസ് എം. കുരുവിള, ഡോ. എബി പി. മാത്യു, ഇവാ. സാജൻ ജോയ്, ഡോ. മാത്യു സി. വർഗീസ്, റവ. സാം കെ. ജേക്കബ്, ഇവാ. ജിഫി യോഹന്നാൻ തുടങ്ങിയവർ ക്ലാസുകൾ എടുത്തു. 13 വയസ്സിൽ താഴെയുള്ളവർക്കുള്ള കിഡ്സ് ക്യാംപിൽ ട്രാൻസ്ഫോർമെർസ് ഇന്ത്യ നേതൃത്വം നൽകി.

സിങ് & പ്രെയിസ്, ബൈബിൾ സ്റ്റഡി, ചോദ്യോത്തരവേദി, ചർച്ചകൾ, കൗൺസിലിംഗ്, മിഷൻ ചലഞ്ച്, താലന്തു പ്രദർശനങ്ങൾ, ഗെയിമുകൾ തുടങ്ങിയവ ഉണ്ടായിരുന്നു.

ഡോ. ബ്ലെസ്സൻ മേമന, ലോർഡ്സൻ ആന്റണി, സ്റ്റാൻലി മാത്യു, ജോമോൻ തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ രാജീവ് ജി, പാസ്റ്റർ ജോർജ് മുണ്ടകൻ, ഇവാ. എബി ബേബി, പാസ്റ്റർ ജോസ് ജോർജ് തുടങ്ങിയവർ പൊതുക്രമീകരണങ്ങൾക്കു നേതൃത്വം നൽകി. 1300ൽ അധികം അംഗങ്ങൾ ക്യാംപിൽ പങ്കെടുത്തു.

## മതാന്തര സംവാദം

**തിരുവല്ല:** ഹിന്ദുഐക്യവേദി സംസ്ഥാനപ്രസിഡന്റും മതപ്രഭാഷകയുമായ ശ്രീമതി ശശികലടീച്ചറും പ്രഭാഷകനും വേദാദ്ധ്യാപകനുമായ ജെയ്സ് പാണ്ടനാടും തമ്മിൽ "മിഷണറിമാർ ഭാരത സംസ്കാരത്തെ കളങ്കപ്പെടുത്തിയോ?" എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം നടത്തും. മാർച്ച് 10 ന് വൈകിട്ട് 7 മണിമുതൽ 10 മണിവരെ ഓൺലൈനിലൂടെയാണ് സംവാദം നടക്കുന്നത്.

ദൈവശാസ്ത്രസംവാദ മേഖലയിൽ ഇതിനോടകം ശ്രദ്ധേയമായ ഇടപെടൽ നടത്തിയ ഷാർജ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നൂമാ ഹെർമന്യൂട്ടിക്സ് ഗ്രൂപ്പാണ് സംവാദം സംഘടിപ്പിച്ചിരിക്കുന്നത്. ന്യൂജനറേഷൻ, കത്തോലിക്കാ, ഇസ്ലാം, യഹോവാ സാക്ഷികൾ എന്നിവരുമായി സംവാദം നടത്തിയിട്ടുള്ള ജെയ്സ് പാണ്ടനാട് എഴുത്തുകാരനും ക്രിസ്ത്യൻ അപ്പോളജറ്റിക്സുമാണ്. അറിയപ്പെടുന്ന മതപ്രഭാഷകയായ ശ്രീമതി ശശികലടീച്ചറുടെ പല പ്രസ്താവനകളും വിവാദമായിട്ടുണ്ട്. ക്രൈസ്തവ സഭയെയും മിഷനറി പ്രവർത്തനങ്ങളെയും നിശിതമായി വമർശിക്കുന്ന ശശികലടീച്ചറുമായുള്ള മതാന്തര സംവാദത്തെ ക്രൈസ്തവ സമൂഹം ഏറെ ഗൗരവത്തോടെയാണ് നോക്കികാണുന്നത്.

## ഈജിപ്റ്റിൽ ക്രിസ്ത്യാനികൾ സഞ്ചരിച്ച ബസിനു നേരെ വെടിവെയ്പ്പ്; 23 മരണം

**കെയ്റോ:** ഈജിപ്തിൽ കോപ്റ്റിക് ക്രിസ്തൃൻ വിശ്വാസികളുമായി സഞ്ചരിച്ച ബസിനുനേരെ ഉണ്ടായ വെടിവെപ്പിൽ 23 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുണ്ട്. ദേവാലയത്തിലേക്കു പോയ ബസിനുനേരെയായിരു ആക്രമണം. ഈജിപ്തിലെ ദേശീയ മാധ്യമമാണ് വാർത്ത പുറത്തുവിട്ടത്.

മിൻയാ പ്രവിശ്യയിലെ സെന്റ് സാമുവൽ മോണാസ്ട്രി റോഡിലൂടെ സഞ്ചരിക്കുകയായിരുന്ന ബസിന് നേരെയാണ് വെടിവെപ്പ് ഉണ്ടായത്. തലസ്ഥാന നഗരമായ കെയ്റോയിൽ നിന്ന് 220 കിലോ മീറ്റർ അകലെയാണ് മിൻയാ പ്രവിശ്യ.

ഈജിപ്തിലെ ന്യൂനപക്ഷ വിഭാഗമാണ് കോപ്റ്റിക് ക്രിസ്ത്യാനികൾ. ഇവർക്കെതിരെ രാജ്യത്ത് മുമ്പും ആക്രമണങ്ങൾ നടന്നിരുന്നു. ഏപ്രിൽ മാസത്തിൽ ഇത്തരത്തിൽ ഇവരുടെ പള്ളികളിലുണ്ടായ ആക്രമണത്തിൽ നിരവധി പേർ കൊല്ലപ്പെട്ടിരുന്നു. ഇസ്ലാമിക് സ്റ്റേറ്റാണ് അന്ന് ആക്രമണങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തത്.



റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകുന്നു.

## ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാഡുവേഷൻ

ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാഡുവേഷൻ ഡിസംബർ 30നു നടന്നു. സെമിനാരി സ്ഥാപക പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകി. വേദപാണ്ഡിത്യവും, അനുഭവസമ്പത്തുമുള്ള അധ്യാപകരുടെ നേതൃത്വത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 150-ൽ പരം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. ഡോ. രാജീവ് എം. തോമസ് പ്രിൻസിപ്പലായും, റവ. ജോസ്ഫിൻ രാജ് അക്കാഡമിക് ഡീനായും, റവ. സുനീഷ് ജോൺസൺ രജിസ്ട്രാറായും ചുമതല വഹിക്കുന്നു. ഈ വർഷം 87 വിദ്യാർത്ഥികളാണ് ഗ്രാജുവേറ്റ് ചെയ്തത്. അടുത്ത അധ്യയനവർഷം ഏപ്രിൽ 23 – ന് ആരംഭിക്കും.

## സെന്റർ കൺവൻഷൻ

**പന്തളം:** ഐപിസി പന്തളം സെന്റർ കൺവെൻഷൻ ഫെബ്രുവരി 21–25 വരെ കൈപ്പട്ടൂർ ഐപിസി ഗോസ്പൽ സെന്ററിൽ നടക്കും. സെന്റർ പാസ്റ്റർ ജോൺ ജോർജ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ.ജോയി, തോമസ് ഫിലിപ്പ്, കെ.കെ. ചെറിയാൻ, എബി ഐരൂർ, കെ.സി. തോമസ്, ഡോ. സജി ഫിലിപ്പ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ പി. വർഗീസ്, ബെൻസൻ വി. യോഹന്നാൻ തുടങ്ങിയവർ നേതൃത്വം നൽകും.

## സഹായവിതരണം

**വെള്ളറ:** ചെമ്പൂർ, മഞ്ചംകോട് ബഥേസ്ഥാ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കീഴ്പ്പാറ ഐപിസി ശാലേം സഭാഹോളിൽ ജനുവരി രണ്ടിനു നിർധനരായ 300 പേർക്കു ഭക്ഷ്യധാന്യങ്ങളടങ്ങിയ കിറ്റും, വിധവസഹായവും, ചികിത്സാസഹായങ്ങളും വിതരണംചെയ്തു. പാസ്റ്റർ വർഗീസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ ജോസ് മുഖ്യസന്ദേശം നൽകി. വിൽസൻ, സാബു, നിഖിൽ എന്നിവർ ആശംസകൾ അറിയിച്ചു.


**VISITING VISA**

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

**GLOBAL CARE**

Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281


## വാഹനാപകടത്തിൽ പാസ്റ്റർ മരണമടഞ്ഞു

**പാലക്കാട്:** എറണാകുളം ജില്ലയിൽ മൂവാറ്റുപുഴൺയ്ൺക്ക് അടുത്ത് പുളിന്താനം സ്വദേശിയായ പാസ്റ്റർ സണ്ണി ഐസക് (47) ജനുവരി 21 നു വാഹനാപകടത്തിൽ മരണമടഞ്ഞു. സഭായോഗത്തിനു ശേഷം ബസിൽ യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ ആലത്തൂരിനും വടക്കഞ്ചേരിക്കും ഇടയിൽ അഞ്ച് മൂർത്തി മംഗലം എന്ന സ്ഥലത്തായിരുന്നു അപകടം. ഗുരുതരമായി പരിക്കേറ്റ പാസ്റ്ററെ തൃശൂർ ഹാർട്ട് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചെങ്കിലും വൈകുന്നേരം മരണം സംഭവിക്കുകയായിരുന്നു. സംസ്കാരം 22 നു വാണിയംകുളത്തെ വീട്ടിലെ ശുശ്രൂഷകൾക്കുശേഷം 23 നു രാവിലെ ഐപിസി ചിറ്റൂർ സെന്ററിന്റെ നേതൃത്വത്തിൽ പാസ്റ്റർ ഷിബു നെടുവേലിൽ നിർവഹിച്ചു. പാസ്റ്റർമാരായ വിൽസൻ വർക്കി, ബിജോയ് കുര്യാക്കോസ്, കെ.സി. ഉമ്മൻ, സാം ദാനിയേൽ, എം.വി മത്തായി, ചാക്കോ ദേവസ്യ, ജോസ് വർഗീസ്, ജിമ്മി കുര്യാക്കോസ്, കെ.യു. ജോയ്, എം.ജെ. മത്തായി, എം. കെ. ജോയ്, ജോയി വർഗീസ്, ഫിജി ഫിലിപ്പ്, വി.റ്റി. അന്ത്രയോസ്, ജയിംസ് വർഗീസ്, രാജൻ ഇശ്ശായി തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺ ജോർജ് നേതൃത്വം നൽകി.

ഉത്തരേന്ത്യയിൽ ദൈവവചനം പഠിച്ച്, അവിടെ പ്രവർത്തിച്ചിട്ടുള്ള പരേതൻ ഐപിസി മലബാർ മേഖലയുടെ സഹായത്താൽ ചിറ്റൂർ കോളേജ് പടിയിൽ ഒരു വാടകവീട്ടിൽ താമസിച്ച് സുവിശേഷപ്രവർത്തനം ചെയ്തുവരികയായിരുന്നു. ഒരു പ്രർഥനാമനുഷ്യൻ കൂടെയായിരുന്ന ഇദ്ദേഹം യുജിഎം പാലക്കാട് ജില്ല കോർഡിനേറ്ററായിരുന്നു. ഭാര്യ: റിനാ. ഏകമകൻ: ജെറിൻ.

## സുവിശേഷപ്രവർത്തനം

**കുന്നംകുളം സെന്റർ:** കിഴക്കൻമേഖല ഇവാൻജലിസം ബോർഡ്, സഹോദരിസമാജം സംയുക്തപ്രവർത്തനം ജനുവരി ഒൻപതിനു കല്ലുംപാറ ഐപിസി സഭ കേന്ദ്രമാക്കി നടന്നു.

## യുണൈറ്റഡ് പ്രെയർസെൽ സമ്മേളനം അയർക്കുന്നത്ത്

**അയർക്കുന്നം:** പെന്തെക്കോസ്ത് ഐക്യപ്രാർഥനാക്കൂട്ടായ്മയായ യുണൈറ്റഡ് പ്രെയർസെല്ലിന്റെ അടുത്ത സമ്മേളനം ഫെബ്രുവരി നാലിനു വൈകുന്നേരം നാലു – ആറു വരെ ഇല്ലിമൂല ജങ്ഷനിലുള്ള ഹെബ്രോൻ ഏജി ഹോളിൽ പാസ്റ്റർ റെജി വർഗീസിന്റെ അധ്യക്ഷതയിൽ നടക്കും.

ജനുവരി ഏഴിനു വടവാതൂർ എബനേസർ ഐപിസി ഹോളിൽ പാസ്റ്റർ എബി പി. ജോർജിന്റെ അധ്യക്ഷതയിൽ പാസ്റ്റർ ഒ.എം. തങ്കച്ചൻ പ്രസംഗിച്ചു. കർത്തൃദാസന്മാരായ എം.സി. കുര്യൻ, വിൽസൻ തോമസ്, ഷിനോ ജോർജ്, എം.വി. ഏബ്രഹാം എന്നിവർ വിവിധ വിഷയങ്ങൾക്കായി പ്രാർഥിച്ചു. വി.വി. ബാബു സങ്കീർത്തനം വായിച്ചു. പാസ്റ്റർമാരായ ഇ.എ. മോസസ്, പി. വി. ജോൺ, വൈ. അച്ചൻകുഞ്ഞ് എന്നിവരും പ്രാർഥനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ വർഗീസ് ഈപ്പൻ നന്ദി അറിയിച്ചു. എബനേസർ ക്വയർ ഗാനമാലപിച്ചു.



കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

## അമ്മയ്ക്ക് ഒരു ഉമ്മ...

അമ്മായിയമ്മ മരുമകൾ കലഹം, അമ്മായിയമ്മ ഫ്ളാറ്റിന്റെ മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്തു!

ചില മാസങ്ങൾക്ക് മുമ്പ് വന്ന വാർത്ത അങ്ങനെയായിരുന്നു. റിട്ടയേർഡ് അദ്ധ്യാപിക ജയശ്രീ ബെന്നിന്റെ (64) മരണം ഒരു ആത്മഹത്യയായി കരുതി! പക്ഷേ കഴിഞ്ഞ ദിവസത്തെ ടി.വി., പത്രവാർത്ത കണ്ട് ഞങ്ങളുടെ പട്ടണം ആകെ തരിച്ചുപോയി!

സ്വന്തം മകൻ സന്ദീപ് നത്വാണി എന്ന കോളജ് ലെക്ച്ചറർ അമ്മയെ ഫ്ളാറ്റിന്റെ മുകളിലത്തെ നിലയിൽ നിന്നും തൊഴിച്ച് താഴേക്ക് എറിഞ്ഞ് കൊലപ്പെടുത്തി...

രോഗിയായ മാതാവിനെ ചൊല്ലി ഭാര്യഭർത്താക്കന്മാർ നിരന്തരം വഴക്കടിച്ചപ്പോൾ അമ്മയെ ഒഴിവാക്കാൻ കണ്ട മാർഗ്ഗം ഇതായിരുന്നു. ഞാൻ താമസിക്കുന്നിടത്തു നിന്നും ഏകദേശം അഞ്ച് മിനിട്ട് യാത്ര ചെയ്താൽ സന്ദീപ് നത്വാനി താമസിക്കുന്ന ദർശൻ അപ്പാർട്ട്മെന്റ് കാണാം.

മകൻ അമ്മയെ വീടിന്റെ ടെറസ്സിലേക്ക് തള്ളിക്കയറ്റി മുകളിൽ നിന്ന് താഴേക്ക് തള്ളിയിട്ടു, ഓടി വന്ന് വീട്ടിൽ കയറി കതകടച്ചു..

ഹായ് രക്ഷപ്പെട്ടു., ആരും കണ്ടില്ല., ശല്ല്യം ഒഴിഞ്ഞു, ഭാര്യക്ക് സന്തോഷമായി....

പക്ഷേ....

അവർ ഓർത്തില്ല അടുത്ത വീട്ടിൽ താമസിക്കുന്നവരുടെ സിസിറ്റിവി ക്യാമറ കണ്ണുകൾ ഇതെല്ലാം ഒപ്പിയെടുക്കുന്നുണ്ടായിരുന്നു എന്ന്!

ലോകത്തിലെ ഏറ്റവും വലിയ സ്നേഹം മാതൃസ്നേഹമാണ്, അത് പൊക്കിൾകൊടി ബന്ധമാണ്, പൊക്കിൾകൊടിമുറിച്ചാലും ബന്ധം മുറിയുന്നില്ല. സ്ത്രീ ഒരു കുഞ്ഞിനെ പ്രസവിക്കുമ്പോഴാണ് സ്ത്രീത്വം പൂർണ്ണമാകുന്നത്, പത്ത് മാസം വയറ്റിലും ഒരായുഷ്കാലം ഹൃദയത്തിലും കൊണ്ടുനടക്കുന്ന ജന്മമാണ് അമ്മ.

ലോകത്തിലെ ഏറ്റവും സൗന്ദര്യമുള്ള വാക്കാണ് 'അമ്മ'.

ഏറ്റവും കൂടുതൽ പ്രതിഫലം പറ്റേണ്ട ഒരു ജോലിയുണ്ടെങ്കിൽ അത് അമ്മയുടേതാണ്.. സഹനത്തിന്റെ പ്രതീകമാണ് അമ്മ.

ലോകത്തിലെ ഏറ്റവും വലിയ വേദനയാണ് പ്രസവവേദന, പക്ഷേ....

പ്രസവവേദനയിൽ കരഞ്ഞതിനെക്കാൾ കൂടുതൽ പ്രസവിച്ച് പോയതിന്റെ പേരിൽ കരയുന്ന അമ്മമാരാണ് ഇന്ന് ഏറെയും!

വൃദ്ധസദനങ്ങൾ ഇന്ന് ഏറിവരുന്നു.

പെറ്റമ്മയിന്ന് അധികപ്പറ്റാകുന്നു..

ഈയിടെ വായിച്ച ഒരു മെസേജ് ഇങ്ങനെയാണ്......

(1) ഞങ്ങൾക്ക് വയസ്സായി എന്ന് നിങ്ങൾക്ക് തോന്നുമ്പോൾ ഞങ്ങളോടു ദയ തോന്നി മനസ്സിലാക്കാൻ ശ്രമിക്കണം.

(2) ഞങ്ങൾക്ക് എന്തെങ്കിലും മറവിപറ്റിയാൽ ദേഷ്യപ്പെടാതെ, ബാല്യകാലത്ത് നിങ്ങൾക്ക് സംഭവിച്ച മറവികൾ ഞങ്ങൾ ക്ഷമിച്ചത് ഓർക്കുക.

(3) ഞങ്ങൾ വയസ്സായി നടക്കാൻ പറ്റാത്ത അവസ്ഥ വരുമ്പോൾ നിങ്ങൾ ആദ്യമായി പിച്ചവച്ച് നടക്കാൻ തുടങ്ങിയ നാൾ ഓർക്കണം.

(4) ഞങ്ങൾ രോഗികൾ ആയാൽ നിങ്ങളുടെ സ്വപ്ന സാക്ഷാത്കാരത്തിനായി ഞങ്ങൾ ഉപേക്ഷിച്ച സ്വപ്നങ്ങളെക്കുറിച്ച് ഓർക്കുക.

(5) ഞങ്ങളെ നിങ്ങളിൽ നിന്നും അകറ്റുന്നതിന് മുമ്പ് ആ ദിവസം നിങ്ങൾ ഓർമ്മിക്കണം. ഞങ്ങൾ പുറത്തു പോയപ്പോൾ മടങ്ങി വരുന്നത് വരെ നീ ഏങ്ങലടിച്ച് കരഞ്ഞ ദിവസം....

..... അമ്മയെ കുറിച്ചെഴുതിയാൽ അത് അനന്തമായി തുടരും......

.... നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക....

"അമ്മക്കൊരുമ്മ".

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 13 Issue No: 2 2018 February 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ





*ഐപിസി ആയൂർ ഡിസ്ട്രിക്ട് കൺവൻഷൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യുന്നു.*

## ഡിസ്ട്രിക്ട് കൺവൻഷൻ

**ആയൂർ**: ഐപിസി ആയൂർ ഡിസ്ട്രിക്ട് കൺവൻഷൻ ജനുവരി 11 – 14 വരെ നടന്നു. ഡിസ്ട്രിക് ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജയിംസ് ജോർജ്ജ്, ജേക്കബ് ജോർജജ്. സതീഷ് നെൽസൺ, സ്റ്റാൻലി അലക്സ് എന്നിവർ പ്രസംഗിച്ചു.

വെള്ളിയാഴ്ച രാവിലെ 10 ന് ഉപവാസ പ്രാർത്ഥനയും ഉച്ചക്കു ശേഷം 2 മുതൽ സോദരീ സമാജം വാർഷിക സമ്മേളനവും നടന്നു. ശനിയാഴ്ച രാവിലെ 10 നു നടന്ന കുടുംബസംഗമത്തിൽ 75 വയസ്സിനു മുകളിൽ പ്രായമുള്ള 31 മാതാപിതാക്കന്മാരെ വേദപുസ്തകം നൽകി ആദരിച്ചു. ഉച്ചക്കു 2ന് പിവൈപിഎ സണ്ടേസ്കൂൾ സംയുക്തവാർഷികം നടന്നു. ഞായറാഴ്ച രാവിലെ നടന്ന ആരാധനായോഗത്തിൽ പാസ്റ്റർ വർഗീസ് മത്തായി തിരുവത്താഴശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. തുടർന്ന് പാസ്റ്റർ ജേക്കബ് ജോർജ്ജ് സമാപന സന്ദേശം നൽകി.

പാസ്റ്റർമാരായ ജോൺ റിച്ചാർഡ്, ജോർജ്ജ് രാജൻ, പി.ഐ. ഏബ്രഹാം, സുവി. എൽ.കെ. റോയി, സുവി. ജോൺസൺ തോമസ്, സിസ്റ്റർ കുഞ്ഞമ്മ ഏബ്രഹാം, സിസ്റ്റർ സോഫി വർഗീസ്, ബ്രദർ ജോൺസൺ ജോയി, പി. ബേബികുട്ടി എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. പാസ്റ്റർമാരായ കെ.ടി. ഫിലിപ്പ്, ആന്റണി ചാക്കോ, സാബു തോമസ്, സി.എസ്. സാംസൺ, സുവി. അജീഷ് ജോൺ, ബോവസ് ജോൺ, ലിബിൻ ദാസ്, ടി.സി പാപ്പച്ചൻ, സജീവ് കുമാർ എന്നിവർ വിവിധയോഗങ്ങളിൽ അദ്ധ്യക്ഷതവഹിച്ചു. ക്രൈസ്റ്റ് സിംഗേഴ്സ് ചെങ്ങന്നൂർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## പതിനഞ്ചാമത് എംപിഎ യുകെ നാഷണൽ കോൺഫറൻസ് വെയ്ൽസിൽ, ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**വെയ്ൽസ്:** യുകെയിലുള്ള മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ പതിനഞ്ചാമത് നാഷണൽ കോൺഫറൻസ് മാർച്ച് 30 – ഏപ്രിൽ ഒന്നു വരെ വെയിൽസിലെ ന്യൂപോർട്ടിൽ നടക്കും. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 9:30 മുതൽ രാത്രി 9 വരെയും ഞായറാഴ്ച്ച രാവിലെ 9:30 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ സംയുക്ത ആരാധന.

പാസ്റ്റർ ടി.എസ്. മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റെജി മാത്യു ശാസ്താംകോട്ട, എൻ പീറ്റർ എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും. കൂടാതെ യൂത്ത് സെക്ഷനിൽ പാസ്റ്റർ സി.എസ്. റോബിൻസൺ, സഹോദരിമാരുടെ സെക്ഷനിൽ സിസ്റ്റർ ഷൈനി തോമസും ശുശ്രൂഷിക്കുന്നതായിരിക്കും. എംപിഎ യുകെ നാഷണൽ ക്വയർ അംഗങ്ങളോടൊപ്പം പാസ്റ്റർ സാമുവേൽ വിത്സൺ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചു കൊൾക' എന്നതാണ് ചിന്താവിഷയം. ആരാധന, വചനധ്യാനം, കർത്തൃമേശ, യുവജനങ്ങൾക്കും കുട്ടികൾക്കും സഹോദരിമാർക്കും വിവിധ സെക്ഷൻസ് ഉണ്ടായിരിക്കും.

പ്രസിഡന്റ് പാസ്റ്റർ റ്റി.എസ്. മാത്യു, വൈസ് പ്രസിഡന്റ് പാസ്റ്റർ സജി മാത്യു, സെക്രട്ടറി പാസ്റ്റർ വിൽസൺ ഏബ്രഹാം, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഡോണി ഫിലിപ്പ്, നാഷണൽ ട്രഷറർ ബ്രദർ മാമ്മൻ ജോർജ്ജ്, കോൺഫറൻസ് കൺവീനർ പാസ്റ്റർ ഡിഗോൾ ലൂയിസ്, ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജിനു മാത്യു, മീഡിയ കോർഡിനേറ്റർ ഇവാ. ഡോണി തോമസ്, മ്യൂസിക് കോർഡിനേറ്റർ ബ്രദർ ഡേവിഡ് മാമ്മൻ, യൂത്ത് കോർഡിനേറ്റർ പാസ്റ്റർ ബെൻ മാത്യു, പ്രയർ കോർഡിനേറ്റർ പാസ്റ്റർ സിസിൽ ചീരൻ, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ വത്സമ്മ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം കോൺഫറൻസിന് നേതൃത്വം നൽകും.

## പിഎച്ച്ഡി ലഭിച്ചു



**തിരുവനന്തപുരം:** ക്രിസ്ത്യൻ വേൾഡ് എഡിറ്ററും അസംബ്ളീസ് ഓഫ് ഗോഡ് ആര്യനാട് സഭാശുശ്രൂഷകനുമായ പാസ്റ്റർ ഡി.കുഞ്ഞുമോന് കൊൽക്കത്ത ഇന്റർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് തിയോളജിയിൽ പിഎച്ച്ഡി ലഭിച്ചു. ബംഗളൂരു ആക്സ് അക്കാഡമി ഓഫ് ഹയർ എഡ്യുക്കേഷനിൽ നിന്നും എംറ്റിഎച്ച് പഠനം പൂർത്തിയാക്കിയ ശേഷം, പെന്തെക്കോസ്തൽ രക്ഷമാർഗവെളിച്ചത്തിൽ മോക്ഷം, നിർവാണം എന്നിവയെക്കുറിച്ചുള്ള നടത്തിയ പഠനത്തിനാണ് ഡോക്ടറേറ്റ്.

## നിയമിതരായി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ കേരളാ സ്റ്റേറ്റ് യുപിജി ഡയറക്ടറായി പാസ്റ്റർ വിനോദ് ജേക്കബ് (പട്ടം) നിയമിതനായി. സുവിശേഷം എത്തിയിട്ടില്ലാത്ത സമൂഹങ്ങളിലെ സുവിശേഷികരണ പ്രവർത്തനങ്ങൾക്കായി ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ രൂപികരിച്ച പദ്ധതിയാണ് യുപിജി (അൺ റീച്ച്ഡ് പീപ്പിൾ ഗ്രൂപ്പ്). കോട്ടയം കഞ്ഞിക്കുഴി സ്വദേശിയായ ഇദ്ദേഹം മൗണ്ട് സയോൺ ബൈബിൾ സെമിനാരി അദ്ധ്യാപകനും പട്ടം സഭാ ശുശ്രൂഷകനും, തിരുവനന്തപുരം നോർത്ത് ഡിസ്ട്രിക്ട് പാസ്റ്ററുമാണ്. ബാംഗ്ലൂർ ആർ.റ്റി. നഗർ, ഓതറ, ഷാർജ, കുവൈറ്റ്, ചെന്നൈ എന്നിവിടങ്ങളിൽ സഭാ ശുശ്രൂഷകനായിരിന്നിട്ടുണ്ട്. യുഎഇ റീജിയൻ ഓവർസിയറായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം മികച്ച പ്രഭാഷകനും, വേദാധ്യാപകനും, പരിഭാഷകനുമാണ്. ഭാര്യ: റീത്താ വിനോദ്. മക്കൾ ഗ്രീറ്റ്, ഗ്രഹാം.







Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode